# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ലക്കം ജൂൺ 2021 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

പരിശുദ്ധ അമ്മേ,
പകർച്ചവ്യാധിയും
പ്രതികൂലകാലാവസ്ഥയും
യുദ്ധവും ക്ഷാമവുമൊക്കെ
അലട്ടുന്ന ഞങ്ങളുടെ ജീവിതത്തിൽ
പരിശുദ്ധാത്മശക്തിയാൽ
വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും
യഥാർത്ഥസ്നേഹത്തിന്റെയും
സാഹോദര്യത്തിന്റെയും
പുതുനാമ്പുകൾ വളരുവാനായി
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ശ്ലീഹാ ലക്കം ജൂൺ 2021

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

## ഉള്ളടക്കം


- ദൈവദാസൻ ബിഷപ് വില്യം ജകിന്താ 5
- സഭ: ദൈവമക്കളുടെ കുടുംബം 12
- ദൈവാനുഭവത്തിന്റെ ദിവ്യനിമിഷങ്ങൾ 16
- ഫ്രത്തേല്ലി തൂത്തി 18
- കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു 20
- സംരക്ഷകനായ വി. യൗസേപ്പ് 23
- ഉണർവ്വ് 25
- ജനിക്കട്ടെ നമ്മിൽ ആനന്ദം 27
- ദൈവസ്നേഹത്തിന്റെ ദാസൻ 29
- പിഴയ്ക്കാത്ത ചുവടുകൾ 30
- ആത്മാവു വന്നാൽ അങ്ങനെയാ 32
- അമ്മയോടൊപ്പം 34



രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

**എഡിറ്റോറിയൽ**



# സ്നേഹത്തിന്റെ പ്രഘോഷകർ

"എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (നടപടി 1,8).


പരിശുദ്ധാത്മാവിന്റെ ആഗമനവും അതേത്തുടർന്ന് ശ്ലീഹന്മാർ നടത്തിയ സുവിശേഷപ്രഘോഷണവും സഭയുടെ ആരംഭവുമൊക്കെ ധ്യാനവിഷയമാക്കുന്ന ശ്ലീഹാക്കാലത്തിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു.

പരിശുദ്ധ അമ്മയോടൊപ്പം ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന വിശ്വാസികളുടെ സമൂഹത്തിലേക്കാണ് പരിശുദ്ധാരൂപി കടന്നുവന്നത്. അതിനുശേഷം അവരിലുണ്ടായ മാറ്റം അത്ഭുതാവഹമായിരുന്നു. അവരുടെ തീക്ഷ്ണത അടച്ചിട്ട മുറിയിൽ ഒതുങ്ങുന്നതായിരുന്നില്ല. അരൂപിയാൽ ശക്തിപ്രാപിച്ച് മരണംവരെയും അവർ ലോകമെമ്പാടും ഈശോയ്ക്കു സാക്ഷ്യം നല്കി. തലമുറകളിലൂടെ അവർ പകർന്നുതന്ന വിശ്വാസനാളം ഏറ്റുവാങ്ങിയ നാം അതു കെടാതെ സൂക്ഷിച്ച് കൂടുതൽ ഉജ്ജ്വലിപ്പിക്കേണ്ടതുണ്ട്. അതിന് നമുക്കും പരിശുദ്ധാത്മശക്തി കൂടിയേ തീരൂ. പരിശുദ്ധ കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും പ്രാർത്ഥനകളിലൂടെയുമൊക്കെ കടന്നുവരുന്ന പരിശുദ്ധാരൂപിയെ സ്വീകരിക്കാൻ, പന്തക്കുസ്താനുഭവത്തിനായി കാത്തിരുന്ന ശ്ലീഹന്മാരുടെ പ്രാർത്ഥനാതീക്ഷ്ണതയോടെ, നമുക്കു നമ്മുടെ ഹൃദയങ്ങൾ തുറന്നുവയ്ക്കാം. സ്നേഹമാകുന്ന ദൈവത്തെ പ്രഘോഷിക്കാനുള്ള ശക്തി നേടാം.

പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രേരണയാൽ ദൈവസ്നേഹത്തിന്റെ ശബ്ദമായി മാറിയ ഒരു പുണ്യാത്മാവാണ് ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ. മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹം എല്ലാവരും അറിയണമെന്നും ആ സ്നേഹത്തിന് പ്രതിസ്നേഹം കൊടുക്കണമെന്നും സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്നും സഹോദരസ്നേഹത്തിലൂടെമാത്രമേ ലോകത്തെ പടുത്തുയർത്താനാവൂ എന്നും ലോകത്തിലെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തണമെങ്കിൽ ആഴമേറിയ ഒരു മനസാഃക്ഷിരൂപീകരണം ആവശ്യമാണെന്നുമൊക്കെ പ്രഘോഷിച്ച ജക്വീന്താപിതാവിന്റെ നാമകരണത്തിന്റെ രൂപതാതലത്തിലുള്ള നടപടികൾക്ക് 2021 ഫെബ്രുവരി 12-ാം തീയതി ഔദ്യോഗികസമാപനം കുറിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. 'വിശുദ്ധിക്ക് ഒരു മുഖം മാത്രമേയുള്ളൂ; അത് സ്നേഹത്തിന്റെ മുഖമാണ്'" എന്നു പറഞ്ഞുകൊണ്ട് ദൈവസ്നേഹത്തിലൂടെയും പരസ്നേഹത്തിലൂടെയും വിശുദ്ധിയിൽ എത്തിച്ചേരുവാൻ ആഹ്വാനം ചെയ്യുകയും പരിശ്രമിക്കുകയും ചെയ്ത പിതാവിനെപ്പോലെ ദൈവാരൂപിയിലാശ്രയിച്ച്, ശരിയായ സ്നേഹജീവിതത്തിലൂടെ മിശിഹായുടെ സുവിശേഷപ്രഘോഷകരാകാൻ ഏവർക്കും സാധിക്കട്ടെ.

ചീഫ് എഡിറ്റർ

**ദൈവദാസൻ വില്യം ജക്വീന്താ പിതാവിനെ വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധരുടെയും ഗണത്തിൽപ്പെടുത്തുന്നതിനുള്ള രൂപതാതല നടപടികളുടെ ഔദ്യോഗിക സമാപനചടങ്ങിൽ കാർഡിനൽ വികാരി ആഞ്ചലോ ദേ ദോണാത്തിസ് ജക്വീന്താ പിതാവിനെക്കുറിച്ച് നടത്തിയ പ്രസംഗത്തിന്റെ വിവർത്തനം**



Imperaters Hall
February 12, 2021

**1994** ജൂൺ 15 ന് ബിഷപ് വില്യം ജക്വീന്താ തന്റെ 80-ാം വയസിലേക്ക് പ്രവേശിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് ദൈവപിതാവിന്റെ നിത്യവസതിയിലേക്കു യാത്രയായി. അദ്ദേഹത്താൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അംഗങ്ങൾക്ക് അദ്ദേഹത്തിന്റെ വിയോഗം നല്കിയത് വലിയൊരു അനാഥത്വം ആയിരുന്നു. എന്നിരുന്നാലും ഇതിനോടകംതന്നെ വിശുദ്ധിക്കുവേണ്ടി അശ്രാന്തം പരിശ്രമിച്ച ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത് എന്ന് അനേകർക്കു ബോധ്യമായിരുന്നു. അതിനു കാരണമായത് അദ്ദേഹത്തിന്റെ യഥാർത്ഥ ജീവിത സാക്ഷ്യവും എല്ലാവർക്കുമായി അക്ഷീണം പകർന്നുനൽകിയ സന്ദേശവുമാണ്.

ജക്വീന്താ പിതാവ് ദിവംഗതനായിട്ട് പത്തു വർഷം കഴിഞ്ഞപ്പോൾ പ്രോസാങ്ടിറ്റി കുടുംബം സഭയുടെ ഭാഗത്തുനിന്നുമുള്ള അനുമതിയോടെ അദ്ദേഹത്തിന്റെ നാമകരണ നടപടികൾക്കുവേണ്ടി ഒരു സമിതിക്കു രൂപംകൊടുത്തു. ഈ സമിതി Il Libellus എന്ന ട്രൈബ്യൂണലിൽ ജക്വീന്താ പിതാവിന്റെ എല്ലാ ലിഖിതരേഖകളോടുംകൂടി അപേക്ഷ സമർപ്പിച്ചു. അതേവർഷംതന്നെ പ്രസ്തുത ലിഖിതങ്ങളെല്ലാം ലാസ്സിയാൻ ബിഷപ്സ് കോൺഫറൻസിൽ പ്രസിദ്ധപ്പെടുത്തുകയും, കോൺഫറൻസ് രൂപതാതലനാമകരണനടപടികൾ ആരംഭിക്കുവാൻ അനുമതി നൽകി അധികാരപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ട്രൈബ്യൂണലിന്റെ പ്രഥമയത്നം ജക്വീന്താപിതാവിന്റെ ലിഖിതങ്ങൾ വിലയിരുത്തുകയും പഠിക്കുകയും ചെയ്യുക എന്നതായിരുന്നു. ഇതിന് ഏറെ സമയം എടുക്കേണ്ടിവന്നതിനാലും പോസ്റ്റുലേറ്ററും സഭാതലത്തിലുള്ള മറ്റ് അധികാരികളും മാറിവന്നതിനാലും നാമകരണനടപടികൾ അത്ര സുഗമമായി മുന്നോട്ടുപോയില്ല. അതോടൊപ്പം പരിശുദ്ധ സിംഹാസനത്തിന്റെ ഭാഗത്തുനിന്നും ജക്വീന്താപിതാവിനെ കൂടുതൽ ആഴത്തിൽ പഠിക്കേണ്ടതിന്റെ ആവശ്യകത ഉന്നയിച്ചതും ഈ നടപടികളുടെ സമയം ദീർഘിപ്പിച്ചു. പിതാവിന്റെ ചിന്താധാരകളും സഭയോടുള്ള പ്രതിബദ്ധതയും ധാർമ്മികതയുമെല്ലാം ആഴത്തിലുള്ള പഠനത്തിനു വിഷയമാക്കി.

ഇതിനുശേഷമാണ് നാമകരണത്തിന്റെ തുടർനടപടികളുമായി മുന്നോട്ടു പോകുവാൻ കഴിഞ്ഞത്. അതിന്റെ ഭാഗമായി പിതാവു സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വിവിധ രാജ്യങ്ങളിലുള്ള ശാഖകൾ ട്രൈബ്യൂണലിൽനിന്നും നിയോഗിച്ചവർ സന്ദർശിക്കുകയുണ്ടായി. ഇറ്റലിയിലും മറ്റു രാജ്യങ്ങളിൽനിന്നും ലഭിച്ച അനുഭവസാക്ഷ്യങ്ങളുടെ സൂക്ഷ്മപരിശോധനയിൽനിന്നും വിശുദ്ധിയുടെ പ്രവാചകനെന്ന നിലയിൽ ഇതിനോടകംതന്നെ അദ്ദേഹം പ്രശസ്തിനേടിക്കഴിഞ്ഞു എന്ന് തിരിച്ചറിയുവാൻ കഴിഞ്ഞു. 2016 ഒക്ടോബർ മാസത്തിൽ പോസ്റ്റുലേറ്ററിന്റെ താൽപര്യപ്രകാരം ജക്വീന്താ പിതാവിന്റെ ഭൗതികശരീരം വെറോനോ എന്ന സെമിത്തേരിയിൽനിന്നും റോമിന്റെ കേന്ദ്രഭാഗത്തു സ്ഥിതിചെയുന്ന 'സാന്താ മരിയ അയി മോന്തി' എന്ന ഇടവക ദൈവാലയത്തിലേക്കു മാറ്റി കബറടക്കി.

ഇന്ന് ജക്വീന്താപിതാവിന്റെ പുണ്യങ്ങൾ, ജീവിതവിശുദ്ധി എന്നിവയിലുള്ള രൂപതാതല സൂക്ഷ്മനിരീക്ഷണം ഔദ്യോഗികമായി സമാപിച്ചു. ഇതോടുകൂടി പ്രോസാങ്ടിറ്റി ഫാമിലിയുടെ സ്ഥാപകൻ വിശുദ്ധിയുടെ പ്രഭാവലയത്തിലാണ് മരിച്ചതെന്ന് അവർക്കു വ്യക്തമാകുകയും അനുഭവവേദ്യമാകുകയും ചെയ്തു. ഈ വിശുദ്ധിയാകട്ടെ ദൈവദാസന്റെ ജീവിതത്തിന്റെയും അജപാലന ശുശ്രൂഷയുടെയും ഹൃദയമായിരുന്നു. ഈ വർഷങ്ങളിലെ പഠനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ നാമകരണനടപടികൾ മുമ്പോട്ടുപോകുമ്പോൾ സുവിശേഷത്തിന്റെ യഥാർത്ഥ സാക്ഷിയെയാണ് ജക്വീന്താപിതാവിൽ നാം കണ്ടെത്തുക.

ജക്വീന്താപിതാവ് 1914 ജൂൺ 25 ന് ഇറ്റലിയിലെ നോത്തോ എന്ന ഗ്രാമത്തിൽ ജനിച്ചു. എന്നാൽ അദ്ദേഹം റോമിന്റെ ദത്തുപുത്രനാണ്. കാരണം വളരെ ചെറുപ്പത്തിലെതന്നെ മാതാപിതാക്കളോടൊത്ത് അദ്ദേഹവും റോമിലേക്കു താമസംമാറ്റി. സെമിനാരിയിലെ രൂപീകരണകാലഘട്ടത്തിൽതന്നെ വിശുദ്ധിയെക്കുറിച്ചുള്ള സ്വപ്നസാക്ഷാത്കാരത്തിന് വളരെ ഗൗരവത്തോടെ പരിശ്രമിക്കുകയും ശ്രദ്ധചെലുത്തുകയും ചെയ്യുമായിരുന്ന അദ്ദേഹം 1939 മാർച്ച് 18 ന് 25-ാമത്തെ വയസിൽ പൗരോഹിത്യം സ്വീകരിച്ചു. അതിനുശേഷം അദ്ദേഹം 'സാന്താ മരിയ അയി



> "നമ്മുടെ ഹൃദയങ്ങളെ പുളിപ്പിക്കുന്ന പുളിമാവാണ് ദിവ്യകാരുണ്യ ഈശോ. മാവിനെ പുളിപ്പിക്കുന്ന പുളിമാവായും രുചി പകരുന്ന ഉപ്പായും തീരുമ്പോഴാണ് പുതുജീവിതത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും വിത്തുകളാകാൻ നമുക്കു സാധിക്കുക".
>
> ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



മോന്തി' എന്ന ഇടവകദൈവാലയത്തിൽ അസി. വികാരിയായും സ്ത്രീകൾക്കുവേണ്ടിയുള്ള കാത്തലിക് ആക്ഷൻ മൂവ്മെന്റിന്റെ അസിസ്റ്റന്റായും സേവനമനുഷ്ഠിച്ചുകൊണ്ട് തന്റെ അജപാലനശുശ്രൂഷയ്ക്കു തുടക്കംകുറിച്ചു. അവിടെയായിരുന്നപ്പോൾ കുമ്പസാരിപ്പിക്കുന്നതിനും ആദ്ധ്യാത്മികനിയന്ത്രണം നല്കുന്നതിനുമായി അദ്ദേഹം വളരെയധികം സമയം ചെലവഴിച്ചിരുന്നു. യുദ്ധവും അതിന്റെ കെടുതികളുംകൊണ്ട് ഇരുളടഞ്ഞ ഒരു സമയമായിരുന്നു അത്. യുവവൈദികനായിരുന്ന അദ്ദേഹം സഹോദരങ്ങളുടെ ആത്മീയകാര്യത്തിലെന്നപോലെ ഭൗതികകാര്യത്തിലും അതീവശ്രദ്ധയുള്ളവനായിരുന്നു. സഹായം ആവശ്യമുള്ളവരോട് അദ്ദേഹം അനുഭാവം പുലർത്തിയിരുന്നു.

അപ്പോളിനാരേ എന്ന സ്ഥലത്തുള്ള ലാറ്ററൻ ഇൻസ്റ്റിറ്റ്യൂട്ടിൽ 'കാനോൻ നിയമ'ത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ 'വിശുദ്ധിയിലേക്കുള്ള വിളി'യെ പ്രചോദിപ്പിക്കുന്ന ഒരു യഥാർത്ഥ ക്രിസ്തീയജീവിതത്തിന് പരിശ്രമമിടാൻ ചില 'ഗ്രൂപ്പുകൾക്ക്' രൂപംകൊടുത്തു. അതു വളരെ വേഗത്തിൽ 'പ്രോസാങ്ടിറ്റി മൂവ്മെന്റ്' എന്ന പേരിൽ വളർന്നുവികസിച്ചു. അപ്പസ്തോലിക് ഒബ്ലേറ്റ്സ് എന്ന പേരിൽ രൂപംകൊടുത്ത സമർപ്പിതരായ സ്ത്രീകളുടെ സമൂഹവും ഈ മൂവ്മെന്റിനോടു ചേർന്നു പ്രവർത്തിച്ചുപോന്നു. അതോടൊപ്പം അപ്പസ്തോലിക് സൊഡാലസ് എന്ന പേരിൽ ഇടവക വൈദികരുടെ ഒരു ഗ്രൂപ്പിനും സോഷ്യൽ ആനിമേറ്റേഴ്സ് എന്ന പേരിൽ അത്മായ പുരുഷന്മാരുടെ ഒരു ഗ്രൂപ്പിനും രൂപംകൊടുത്തു. ഇതു മൂന്നും ചേർത്ത് 'പ്രോസാങ്ടിറ്റി ഫാമിലി' എന്ന സഭാത്മക ഘടനയ്ക്ക് രൂപം കൊടുത്തു. അജപാലനപ്രവർത്തനങ്ങൾ മാറിമാറി വന്നപ്പോഴും താൻ രൂപംകൊടുത്ത ഈ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ അദ്ദേഹം തുടർന്നുകൊണ്ടിരുന്നു. പിന്നീട് Al Foro Traiano എന്ന സ്ഥലത്തുള്ള 'മദോണ്ണാ ഡി ലൊറേത്തോ' എന്ന പള്ളിയിൽ വികാരിയായി ചുമതലയേറ്റു. 1961 ൽ റോമിലെ കാർഡിനൽ വികാരിയുടെ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം റോമൻവികാരിയാത്തോയുടെ ഓഫീസിൽ ജഡ്ജിയായി പ്രവർത്തിക്കുകയും ചെയ്തു.

അദേഹത്തിന്റെ ഓരോ ദിവസവും കഠിനാദ്ധ്വാനത്തിന്റേതായിരുന്നു. അതിനെ ഒരു താപസികശൈലിയായി വിശേഷിപ്പിക്കാം. റോമൻ രൂപതയിലെ സ്ഥാപനങ്ങളിലെ ജോലിക്കിടയിലും

കുമ്പസാരിപ്പിക്കുവാനും ധ്യാനപ്രസംഗങ്ങൾ നടത്തുവാനും അദ്ദേഹം പതിവായി സമയം കണ്ടെ ത്തിയിരുന്നു. അതുപോലെതന്നെ വൈദികർക്കുവേണ്ടി സെമിനാറുകൾ സംഘടിപ്പിക്കുവാനും തന്റെ സ്ഥാപകകാരിസം സ്വീകരിച്ചു വളർന്നുവരുന്ന യാഥാർത്ഥ്യങ്ങളെ പരിശീലിപ്പിക്കുവാനും അദ്ദേഹം അതീവ ശ്രദ്ധ ചെലുത്തിയിരുന്നു.

വൈദഗ്ധ്യമുള്ള ഗ്രന്ഥകാരൻ എന്ന നിലയിൽ അദ്ദേഹം ധാരാളം പുസ്തകങ്ങൾ എഴു തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പക്വത പ്രാപിച്ച ചിന്തയുടെ ആവിഷ്കാരമാണ് പരസ്പര ബന്ധി തങ്ങളായ 'L' Amore è rivoluzione, La rivolta dei samaritani, Il cenacolo' എന്നീ മൂന്നു പുസ്ത കങ്ങൾ. അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ രത്നചുരുക്കം 'എല്ലാവരും വിശുദ്ധർ, എല്ലാവരും സഹോദരർ' എന്ന ആപ്തവാക്യത്തിലുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ അടിവരയിട്ടു പ്രഖ്യാപിച്ച വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളിയും സാമൂഹ്യസാഹോദര്യവും ജകീന്താ പിതാവ് തന്റെ ആന്തരികജ്ഞാനത്തിലൂടെ മുൻകൂട്ടി പ്രവചിച്ചിരുന്നു.

1968 ൽ തീവൊളി രൂപതയുടെ മെത്രാനായി അഭിഷിക്തനായത് അദ്ദേഹത്തിന്റെ ജീവിത ത്തിലെ പുതിയൊരു വഴിത്തിരിവായിരുന്നു. സഭയോടുള്ള നിരുപാധിക വിധേയത്വവും ശ്ലീഹന്മാരോട് ഏറ്റവും അടുത്ത്, ഐക്യത്തിലായിരിക്കുന്നതിനുള്ള പ്രതിബദ്ധതയും അദ്ദേഹ ത്തിന്റെ സഭാത്മക പ്രവർത്തനം കൂടുതൽ വ്യാപകമാക്കി. പിതാവു തന്റെ സഭാശുശ്രൂഷ നിർവ ഹിച്ചിരുന്നത് തന്റെ മണവാട്ടിയോടുള്ള സ്നേഹശുശ്രൂഷപോലെയായിരുന്നു. ക്രിസ്തീയപ്രബോ ധനങ്ങൾ ഊർജസ്വലതയോടെ പഠിപ്പിച്ചുകൊണ്ടും തിബുർത്തിനാ പ്രദേശത്തുള്ള എല്ലാ പള്ളി കളിലും നിറഞ്ഞ സാന്നിദ്ധ്യം നല്കിക്കൊണ്ടും അദ്ദേഹം മുന്നേറി. തീവൊളിയിലെ മെത്രാനാ യിരുന്ന നാളുകളിൽത്തന്നെ ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിൽ വിവിധങ്ങളായ ചുമ തലകൾ അദ്ദേഹം നിർവഹിച്ചിരുന്നു. അതിൽ എടുത്തുപറയേണ്ട ഒന്നാണ് വൈദികർക്കുവേ ണ്ടിയുള്ള കമ്മീഷന്റെ പ്രസിഡന്റു സ്ഥാനം.

ഈ കാലയളവിലാണ് 'കുരിശിന്റെ വഴിയിലൂടെ' യാത്രചെയ്യാനുള്ള പ്രത്യേകവിളി അദ്ദേ ഹത്തിനു ലഭിക്കുന്നത്. ക്രൂശിതനായ ഈശോയോടുള്ള അദമ്യമായ അനുരൂപപ്പെടലെന്ന നില യിൽ 1979 ൽ അദ്ദേഹത്തിന്റെ രോഗത്തിന്റെ ആദ്യലക്ഷണങ്ങൾ വെളിപ്പെടാൻ തുടങ്ങി. തികഞ്ഞ സമചിത്തതയോടും അസാമാന്യധൈര്യത്തോടുംകൂടെയാണ് അദ്ദേഹം തന്റെ രോഗാവസ്ഥയെ സ്വീകരിച്ചത്. മാത്രമല്ല രോഗത്തിന്റെ പേരിൽ തന്റെ ഇടയനടുത്ത കടമകളിൽ യാതൊരു വീഴ്ചയും കാട്ടിയതുമില്ല. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽമാത്രമാണ് തന്റെ മെത്രാനടുത്ത ശുശ്രൂഷയിൽനിന്നും വിരമിക്കുന്നതിനുള്ള അനുമതി അദ്ദേഹം തേടിയത്. 1987 ൽ ഇതിനുള്ള അനുമതി അദ്ദേഹത്തിനു ലഭിച്ചു.

അതിനുശേഷം ജകീന്താപിതാവ് റോമാരൂപതയിൽ തിരിച്ചെത്തി. റോമാ രൂപതയിൽ സാധ്യമായ സേവനം തുടരുന്നതിനോടൊപ്പം തന്റെ ആദ്ധ്യാത്മിക മക്കൾക്കിടയിൽ പിതാ വിനടുത്ത ശുശ്രൂഷ നിർവഹിക്കുകയും ചെയ്തു. താൻ സ്ഥാപിച്ച സഭാത്മക കുടുംബത്തിൽ ഐക്യത്തിന്റെ കണ്ണിയായും അടയാളമായും വർത്തിക്കുന്നതിൽ അദ്ദേഹം സദാ തൽപരനാ യിരുന്നു. തനിക്കു ലഭിച്ച കാരിസത്തിന്റെ പഠനങ്ങളിൽ മുഴുകിയും ദൈവപിതാവിന്റെ സന്നി ധിയിൽ ലോകത്തിന്റെ വിശുദ്ധിക്കായി മാദ്ധ്യസ്ഥ്യം വഹിച്ചും തന്നെത്തന്നെ പൂർണമായും വിട്ടുകൊടുത്തും തന്റെ സഹനങ്ങളെ ബലിയായി നല്കിയും അദ്ദേഹം ശേഷകാലം ചിലവഴി ച്ചു. 1994 ജൂൺ 15 ന് അവസാനനിദ്രപ്രാപിക്കുന്നതുവരെയും അദ്ദേഹത്തിന്റെ കണ്ണുകൾ പ്രകാ

> "നാം വിശുദ്ധിയെക്കുറിച്ചും സ്നേഹത്തെക്കു റിച്ചുമൊക്കെ പറയുമ്പോൾ ആ സ്നേഹ ത്തിന്റെ വേര് ഉറപ്പിക്കപ്പെട്ടിരിക്കുന്നത് കുരി ശിലാണ് എന്ന സത്യം മറക്കരുത്. വിശുദ്ധി യുടെ വഴി കുരിശിന്റെ വഴിയാണ്. ഇന്ന് ത്യാഗ ത്തിന്റെ ദിനമാണെങ്കിൽ നാളെ അത് സ്നേഹ ത്തിന്റെ ദിനമായി നമുക്ക് അനുഭവപ്പെടും".
>
> ദൈവദാസൻ ബിഷപ്പ് വില്യം ജക്വീന്താ



ശിതമായിരുന്നു.

അദ്ദേഹവുമായി ഏതെങ്കിലുംവിധത്തിൽ ബന്ധപ്പെട്ടിട്ടുള്ളവർക്കെല്ലാം വലിയ ഇച്ഛാശക്തിയും മനോദാർഢ്യവുമുള്ള വ്യക്തിയാണ് അദ്ദേഹം എന്നു പറയാതിരിക്കുവാൻ സാധ്യമല്ല. ബാല്യത്തിലും യുവത്വത്തിലുമെന്നപോലെ, ജീവിതത്തിന്റെ അവസാനനാൾവരെയും അനുഭവപ്പെട്ട വ്യത്യസ്തമായ ജീവിതാനുഭവങ്ങളിൽ തന്റെമേലുള്ള ദൈവതിരുമനസ്സ് എന്തെന്ന് അറിയുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. ജീവിതത്തിന്റെ വ്യത്യസ്ഥമായ യാഥാർത്ഥ്യങ്ങളെ ഏകോപിപ്പിച്ചുകൊണ്ടു പോകുന്നതിനു കഴിവുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ഉദാഹരണമായി ജോലിയിലും പഠനത്തിലും അദ്ദേഹം ഒരുപോലെ ഗൗരവം പുലർത്തിയിരുന്നു. എന്നിരുന്നാലും ശ്രവിക്കുന്നതിനും സാഹോദര്യകൂട്ടായ്മയെ ഊട്ടിയുറപ്പിക്കുന്നതിനും സദാ തല്പരനുമായിരുന്നു. ഓരോ ആത്മാക്കളുടെയും ആന്തരിക അവസ്ഥയെ മനസ്സിലാക്കുന്നതിനും എത്ര തിന്മ നിറഞ്ഞതെങ്കിലും ഈലോകത്തെ ശുഭാപ്തിവിശ്വാസത്തോടെ കാണുന്നതിനും കഴിവുള്ളവനുമായിരുന്നു അദ്ദേഹം. സാമൂഹ്യപ്രശ്നങ്ങളെ അദ്ദേഹം താല്പര്യത്തോടെ അറിയുവാൻ ശ്രമിച്ചു. ഇതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയത് തീർച്ചയായും പരിശുദ്ധാത്മാവിനോടുള്ള തുറവിയൊന്നു മാത്രമാണ്. ഏറ്റം നിസാരമായവയെപ്പോലും അതിസ്വാഭാവികസ്നേഹത്തോടെ അദ്ദേഹം കണ്ടിരുന്നു. വികാരങ്ങളെ സമചിത്തതയോടെ കൈകാര്യം ചെയ്യുന്നതിനും ഈലോകത്തെ മുഴുവൻ സാർവ്വത്രികമായ ഒരു സ്നേഹത്തോടെ ആലിംഗനം ചെയ്യുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

താപസികതയും ലാളിത്യവും സമഞ്ജസമായി സമ്മേളിച്ച ഒരു വൈദികൻ, ഒപ്പം വിശാലമായ ഒരു ഹൃദയത്തിന്റെ ഉടമ, എല്ലായ്പ്പോഴും മറ്റുള്ളവരുടെ നന്മയിൽ ഉത്സുകൻ, തനിക്കായി യാതൊരാനുകൂല്യവും അന്വേഷിച്ചു നടക്കാതെ ഉദാരതയോടുകൂടി തന്റെ സർപ്പണം ജീവിച്ചവൻ, സഭയോടെന്നും വിശ്വസ്തനായിരുന്നവൻ, കർമ്മനിരതനായ ഇടയൻ, ആദ്ധ്യാത്മികപിതാവ്, ഗുരുസ്ഥാനീയൻ, ധ്യാനാത്മകൻ, പദ്ധതികളെ ആവിഷ്കരിക്കുന്നതിൽ ആർജ്ജവത്വമുള്ളവൻ, കലർപ്പില്ലാതെ ദൈവികപ്രബോധനങ്ങളെ കൈകാര്യം ചെയ്തവൻ... അദ്ദേഹ

ത്തിന്റെ ഗുണഗണങ്ങളുടെ പട്ടിക അവസാനിക്കുന്നില്ല. പ്രഗത്ഭനായ വാഗ്മിയും പറയേണ്ടതു പറയുവാനും നിശബ്ദത പാലിക്കേണ്ടിടത്തു നിശബ്ദത പാലിക്കുവാനും ഒരുപോലെ പ്രാഭവമുള്ള വ്യക്തിയുമായിരുന്നു അദ്ദേഹം. മറ്റുള്ളവരോട് അതീവ ആദരവോടെ പെരുമാറിയിരുന്നവനും ഒരു പുരോഹിതന്റെ കടമകൾ യാതൊരു വിട്ടുവീഴ്ചയുംകൂടാതെ നിർവഹിച്ചിരുന്നവനും പ്രാർത്ഥനയെ തന്റെ ആയുധമാക്കിയവനുമായിരുന്നു അദ്ദേഹം. ദൈവികസാന്നിധ്യത്തെ തൊട്ടറിയുന്ന വിധത്തിലുള്ള ബലിയർപ്പണങ്ങൾ അദ്ദേഹത്തിന്റെ പ്രേഷിതമേഖലകളെ സജീവമാക്കി.

ക്ഷീണമെന്തെന്നറിയാത്ത ഈ സ്ഥാപകൻ ദൈവപിതാവുമായുള്ള നിരന്തര ബന്ധത്തിലൂടെ തന്റെ മക്കളിലേക്ക് ദൈവത്തിന്റെ പിതൃവാത്സല്യം ഇടതടവില്ലാതെ പകർന്നു നല്കി. സ്ഥാപകൻ എന്ന നിലയിൽ പരിശുദ്ധാത്മാവ് തന്നിൽ നിക്ഷേപിച്ച കാരിസത്തെക്കുറിച്ച് അദ്ദേഹം തികഞ്ഞ ബോധവാനായിരുന്നു. തന്റെ ബുദ്ധിവൈഭവം ഉപയോഗിച്ച് അദ്ദേഹം അത് കൂടുതൽ മനനം ചെയ്തു പഠിച്ചു; അല്ല, അതിൽ അടയിരുന്നു. സ്നേഹത്തിനുമാത്രമേ ഈ പഠനങ്ങളെ ആനുകാലികമാക്കാൻ സാധിക്കുകയുള്ളു എന്ന് അദ്ദേഹം നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്നു. ദൈവത്തിൽ സർവ്വം മറന്ന് ആശ്രയിച്ചവൻ... ആശ്രയമാതാവിന്റെ അമലോത്ഭവ ഹൃദയം അദ്ദേഹത്തെ പ്രതീക്ഷ എന്ന പുണ്യത്തിൽ വളർത്തി. റോമിലെ മേജർ സെമിനാരിയിൽ പഠിച്ചിരുന്ന കാലത്തുതന്നെ പരിശുദ്ധ അമ്മയിൽ ആശ്രയിക്കാൻ അദ്ദേഹം ശീലിച്ചിരുന്നു. ഏല്പിക്കപ്പെട്ടിരുന്ന പ്രവർത്തനങ്ങൾ തന്റെ കഴിവിനപ്പുറമെന്നു തോന്നിയാലും അതിന് വിധേയപ്പെടുവാൻ ഈ ആശ്രയത്വം അദ്ദേഹത്തെ സഹായിച്ചു. തനിക്ക് അനുഭവപ്പെട്ടിരുന്ന ആന്തരിക പ്രചോദനങ്ങളും പദ്ധതികളും ആശയങ്ങളും മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് അഭിപ്രായങ്ങൾ ആരായുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു.

ദൈവശാസ്ത്രപരവും അജപാലനപരവുമായ പ്രവർത്തനങ്ങൾ അദ്ദേഹം ഒരു സംഘാടകന്റെ മികവോടുകൂടി നിർവഹിച്ചിരുന്നു. സഭാപ്രബോധനങ്ങളിൽ കർക്കശനായ ഒരു അദ്ധ്യാപകനെ ഈ ഇടയനിൽ ദർശിക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ലിഖിതങ്ങളിലൊക്കെയും തീവ്രമായ ഒരു ആദ്ധ്യാത്മികഹൃദയത്തിന്റെ പക്വതയും ആർദ്രഭാവവും തികഞ്ഞ മാനുഷികജ്ഞാനവും അതിസ്വാഭാവികമായ ഉൾക്കാഴ്ചയും പ്രകടമായിരുന്നു.

ഉപസംഹാരമായി, ദൈവദാസനായ വില്യം ജക്വീന്താ ഒരു മനുഷ്യൻ, പുരോഹിതൻ, മാതൃകാപരമായ സ്ഥാപകൻ എന്നീ നിലയിൽ തന്റെ വ്യക്തിപ്രഭാവം പൂർണമായും തെളിയിച്ചവനായിരുന്നു. മനുഷ്യൻ എന്ന നിലയിൽ, ദൈവമെന്ന ഏക ദിശയിൽനിന്നും ഒരിക്കലും മാറിസഞ്ചരിക്കാത്ത വ്യക്തിയായിരുന്നു അദ്ദേഹം. പുരോഹിതൻ എന്ന നിലയിൽ ഈശോ എന്ന ഏക കേന്ദ്രത്താൽ ആകർഷിക്കപ്പെട്ട് പൂർണ്ണമായി അവിടുത്തേക്കു സ്വയം സമർപ്പിച്ചവൻ. സ്ഥാപകനെന്ന നിലയിൽ ദൈവം ദാനമായി നല്കിയ വിശുദ്ധി എന്ന ഏക കാരിസത്തിലേക്ക് തന്റെ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ഫലം കൊയ്ത വ്യക്തി. ഈ സവിശേഷതകൾക്ക് അംദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം യാതൊരു മാറ്റവും വന്നിരുന്നില്ല.

ജീവിതത്തിന്റെ അവസാന മണിക്കൂറുകളിലും ദുർബലമായിക്കൊണ്ടിരുന്ന ശബ്ദത്തിൽ മടുപ്പുകൂടാതെ ആവർത്തിച്ചുപറയുവാൻ അദ്ദേഹത്തിനു മടുപ്പുതോന്നാത്ത ഒരു തിരുവചനമായിരുന്നു “നിങ്ങൾ വിശുദ്ധരായിരിക്കുവിൻ, കാരണം ഞാൻ പരിശുദ്ധനാണ്” എന്നത്.

ജക്വീന്താപിതാവിന്റെ ഈ ലോകജീവിതത്തിന്റെയും അജപാലന പ്രവർത്തനങ്ങളുടെയുമൊക്കെ ലക്ഷ്യം വിശുദ്ധിയായിരുന്നു. ഓരോ മനുഷ്യന്റെയും വിശുദ്ധിയിലേക്കുള്ള വിളിയാണ് അതിന്റെ കേന്ദ്രബിന്ദു. ഈ വിളി ജക്വീന്താപിതാവ് അത്യുത്സാഹത്തോടെ ജീവിക്കുകയും അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങളുടെ ന്യൂക്ലിയസ് എന്നപോലെ സഭയെ ഭരമേൽപ്പിക്കുകയും ചെയ്തു. "വിശുദ്ധിയുടെ പ്രേഷിതൻ" എന്നു വിളിക്കാനുതകുമാറ് അദ്ദേഹം വിശുദ്ധിയെക്കുറിച്ച് ഉറച്ച ബോധ്യമുള്ളവനും അതിന്റെ പ്രചാരകനുമായിരുന്നു.

തന്റെ പൗരോഹിത്യശുശ്രൂഷയുടെ ആരംഭത്തിൽ ദൈവം അദ്ദേഹത്തിൽ നിക്ഷേപിച്ച വിശുദ്ധിയുടെ പ്രവാചകദൗത്യം വരും നാളുകളിൽ പക്വത പ്രാപിക്കുകയും ഫലം ചൂടുകയും ചെയ്തു. വിശുദ്ധിയിലേക്കുള്ള വിളി എന്നത് എല്ലാവർക്കും യാത്ര ചെയ്യാൻ സാധിക്കുന്ന ഒരു വഴിയാണെന്നത് രണ്ടാം വത്തിക്കാൻ കൗൺസിൽ ഒപ്പുവച്ചപ്പോൾ അത് അദ്ദേഹത്തിന്റെ പ്രവാചകശബ്ദത്തിന് സഭയുടെ ഭാഗത്തുനിന്നു ലഭിച്ച അംഗീകാരമായിരുന്നു. വിശുദ്ധി നാം ജീവിക്കേണ്ടതും നമുക്കു കൈയെത്തി പിടിക്കാവുന്നതുമായ ഒരു യാഥാർത്ഥ്യമാണെന്ന് അദ്ദേഹം തന്റെ ജീവിതത്തിലൂടെ തെളിയിച്ചുതന്നു. അദ്ദേഹം തെളിച്ച വിശുദ്ധിയുടെ ഈ ദീപം സഭയിൽ ഇന്നും ഒരു കെടാവിളക്കായി ശോഭിക്കുന്നു. സത്യസന്ധവും ശ്രദ്ധയോടുംകൂടിയ തെളിവുകളുടെ പരിശോധനയ്ക്കു ശേഷം സഭ വിശുദ്ധരുടെ നാമകരണനടപടികളെ സംബന്ധിച്ച കോൺഗ്രിഗേഷന്റെ മുമ്പാകെ അദ്ദേഹത്തെക്കുറിച്ചുള്ള വിവരണങ്ങൾ ഇന്നു സമർപ്പിക്കുകയാണ്. ദൈവദാസനായ വില്യം ജക്വീന്താപിതാവ് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ എണ്ണപ്പെടുവാൻ ഇടയാകട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

സെനക്കിൾ ആദ്ധ്യാത്മികത – 70



# സഭ ദൈവമക്കളുടെ കുടുംബം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സഭയെ പലരും പലപ്പോഴും കാണുന്നതും വിശേഷിപ്പിക്കുന്നതും ഒരു മതം അല്ലെങ്കിൽ ഒരു സ്ഥാപനമായിട്ടാണ്. അതിന്റെ അംഗത്വം ഗൗരവമായി എടുക്കുന്നവർ അതിന്റെ നിർദ്ദേശങ്ങൾ പാലിക്കുവാനും അതിന്റെ മതപരമായ ചടങ്ങുകളിൽ പങ്കുചേർന്ന് സംതൃപ്തി കണ്ടെത്തുവാനും ശ്രമിക്കുന്നുവെന്നല്ലാതെ സഭ ശരിക്കും എന്താണ് എന്നു മനസ്സിലാക്കാതെയാണ് പലരും ക്രൈസ്തവജീവിതം നയിക്കുന്നത്. ഈ സ്ഥിതിവിശേഷത്തിൽ മാറ്റമുണ്ടാവണം. സഭ യഥാർത്ഥത്തിൽ ഒരു കുടുംബമാണ് – 'ദൈവമക്കളുടെ കുടുംബം'. ദൈവം മനുഷ്യരക്ഷയ്ക്കായി തന്റെ ഏകജാതനെ യാത്രയാക്കിയത്, എല്ലാ മനുഷ്യരും ആ പുത്രന്റെ രക്ഷാകരകർമ്മത്തിലൂടെ 'രക്ഷ' അല്ലെങ്കിൽ 'ജീവൻ' പ്രാപിക്കാനാണ്. ഈ ജീവൻ ദൈവമക്കൾക്കടുത്ത ജീവനാണ്. ഇതേപ്പറ്റി യോഹ 3,16 ൽ ഇപ്രകാരം പറയുന്നു: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു". ഈ 'ജീവൻ' ദൈവമക്കൾക്കടുത്ത ജീവനാണ്. അതുകൊണ്ടാണ് വി. യോഹന്നാൻസുവിശേഷകൻ ഇപ്രകാരം പറയുന്നത്: "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കൾ ആകാൻ അവൻ കഴിവു നല്കി. അവർ ജനിച്ചത് രക്തത്തിൽനിന്നോ, ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല, ദൈവത്തിൽനിന്നത്രേ" (യോഹ 1,12-13). അതുകൊണ്ട് വിശ്വാസികളുടെ സമൂഹമായ സഭ ദൈവമക്കളുടെ കുടുംബമാണ്.

## മനുഷ്യകുലം: ഒരു കുടുംബം

ത്രിയേകദൈവം പിതാവാണ്. ദൈവത്തിന്റെ സവിശേഷത 'പരിശുദ്ധി'യായി പഴയനിയമം ചിത്രീകരിക്കുമ്പോൾ (ലേവ്യ 19,2) 'പിതൃത്വ'മായിട്ടാണ് പുതിയനിയമം അവതരിപ്പിക്കുക (റോമാ 8,15). ദൈവത്തിൽ പരിശുദ്ധിയും പിതൃത്വവും ഒന്നുതന്നെയാണ്. പരിശുദ്ധ കുർബാനയിലെ പ്രാർത്ഥനയിൽ ഈ ആശയം പ്രതിഫലിക്കുന്നുണ്ട്. ജനങ്ങൾ "പരിശുദ്ധൻ പരിശുദ്ധൻ" എന്ന് ദൈവത്തെ പ്രകീർത്തിക്കുമ്പോൾ, കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ഇപ്രകാരം ചൊല്ലുന്നു: "ദൈവമേ അങ്ങു പരിശുദ്ധനാകുന്നു. അങ്ങു മാത്രമാണ് യഥാർത്ഥ പിതാവ്. സ്വർഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും അങ്ങിൽ നിന്നാകുന്നു". മനുഷ്യകുലം മുഴുവൻ ദൈവമക്കളുടെ കുടുംബമായിത്തീരാനുള്ള വിളിയായിരുന്നു സൃഷ്ടികർമ്മം. മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള ബൈബിൾ വിവരണം ഇതു വ്യക്തമാക്കുന്നുണ്ട്. സൃഷ്ടപ്രപഞ്ചത്തെയും സൂര്യചന്ദ്രനക്ഷത്രങ്ങളെയും സൃഷ്ടിജാലം മുഴുവനെയും സൃഷ്ടിച്ചതിനുശേഷം "ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. ... അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു" (ഉല്പ 1,26-27). തന്റെ "ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം" എന്നു പറഞ്ഞിട്ട്, എന്തുകൊണ്ട് തന്റെ ഛായയിൽമാത്രം ദൈവം മനുഷ്യനെ സൃഷ്ടിച്ചു? ഈ ചോദ്യം ആദ്യനൂറ്റാണ്ടുകളിലെ സഭാപാരമ്പര്യത്തിൽത്തന്നെ ഉന്നയിക്കപ്പെട്ട ഒരു ചോദ്യമാണ്. നീസ്സായിലെ വി. ഗ്രിഗറി പറയുന്നു: "ദൈവത്തിന്റെ 'ഛായ' സൃഷ്ടിയിൽത്തന്നെ മനുഷ്യർക്കു ലഭിച്ചു. എന്നാൽ ദൈവത്തിന്റെ 'സാദൃശ്യം' അവന്റെ സ്വതന്ത്രമായ മനസ്സുവഴി സമ്പാദിച്ചെടുക്കണം. അങ്ങനെയാണു മനുഷ്യന് കിരീടവും മഹത്ത്വവും ലഭിക്കുന്നത്". തന്റെ 'ഛായ'യിൽ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് ദൈവപുത്രത്വം നല്കി അവനെ ദൈവം അനുഗ്രഹിച്ചു. പക്ഷേ ഈ ദൈവപുത്രത്വത്തിന്റെ മഹത്ത്വം -'സാദൃശ്യം'- അവനു ലഭിക്കുന്നത്, തന്റെ ദൈവപുത്രത്വത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ജീവിച്ചുകഴിയുമ്പോഴാണ്. യോഹന്നാന്റെ 1-ാം ലേഖനം 3-ാം അദ്ധ്യായം 1-2 വാക്യങ്ങൾ ഇതു സൂചിപ്പിക്കുന്നുണ്ട്: "കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും. ... നാം ഇപ്പോൾ ദൈവമക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു. അവിടുന്നു പ്രത്യക്ഷപ്പെടുമ്പോൾ നാം അവിടുത്തെപ്പോലെ (സാദൃശ്യം) ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും". സൃഷ്ടികർമ്മത്തിന്റെ വിവരണത്തിൽ വിട്ടുപോയ വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് മനുഷ്യകുലം മുഴുവൻ ദൈവപുത്രത്വത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നവരുടെ, അഥവാ ദൈവമക്കളുടെ സമൂഹമാണ്. മനുഷ്യകുലമാകുന്ന ദൈവമക്കളുടെ കുടുംബത്തിന്റെ കൂദാശയായി, അടയാളവും ഉപകരണവുമായി തീരുവാൻ സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

## മിശിഹായിൽനിന്നു ജനിച്ച കുടുംബം

വി. യോഹന്നാന്റെ സുവിശേഷം 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ മിശിഹായിൽനിന്നും ഉത്ഭവിച്ച സഭാകുടുംബത്തിന്റെ ചിത്രം കാണാം. പുത്രസഹജമായ സ്നേഹത്തോടെ ഈശോ 'ആബ്ബാ' എന്നു വിളിക്കുന്നവന്റെ പ്രതിഛായ എല്ലാറ്റിനുമുപരിയായി നില്ക്കുന്നു. പിതാവാണ് പുത്രനെ അംഗീകരിക്കുന്നതും മഹത്ത്വപ്പെടുത്തുന്നതും. ശ്ലീഹന്മാരെ പവിത്രീകരിക്കുകയും ഒന്നിപ്പിക്കുകയും ചെയ്യുന്ന ഈ പിതാവുതന്നെയാണ് പുരോഹിതശുശ്രൂഷയിലൂടെ വിശ്വാസത്തിലേക്കു കടന്നുവരുന്ന എല്ലാവരെയും സഹായിക്കുന്നതും. 'ആബ്ബാ' ഈശോ

യുടെമാത്രം പിതാവല്ല, മറിച്ച്, അവന്റെ അപരിമേയമായ സ്നേഹത്തിൽനിന്നും ജനിക്കുന്ന സഭ മുഴുവന്റെയും പിതാവാണ്. എങ്കിലും ഒരേസമയംതന്നെ പിതാവും സഹോദരനുമായ മിശിഹായിൽനിന്നുംകൂടിയാണ് സഭ ജനിച്ചിരിക്കുന്നത്. മിശിഹായുടെ ഹൃദയത്തിൽനിന്നും നിർഗളിക്കുന്ന ദ്വിമാനകൂദാശകളാകുന്ന ജലത്തിലൂടെയും (മാമ്മോദീസാ) രക്തത്തിലൂടെയും (പരിശുദ്ധ കുർബാന) (യോഹ 19,34) ഈശോതന്നെ സഭയുടെ ജനനത്തിന്റെ ആദികാരണമാകുന്നു. സെനക്കിളിൽ ശ്ലീഹന്മാരെ 'കുഞ്ഞുങ്ങളേ' എന്നു വിളിക്കത്തക്കവിധമുള്ള പിതൃസഹജമായ സ്നേഹത്താൽ (യോഹ 13,33) പ്രചോദിതമായ ആ ഹൃദയത്തിൽനിന്നുമാണ് സഭ ജന്മമെടുക്കുന്നത്. അതേസമയംതന്നെ മിശിഹാ സഹോദരനുമാണ്. തന്റെ പൗരോഹിത്യത്തിൽ ഭാഗഭാക്കുകളാക്കുന്ന അസാധാരണ അഭിഷേകത്താൽ തന്നോടു ബന്ധിപ്പിക്കുന്ന ശ്ലീഹന്മാർക്ക് അവിടുന്ന് സഹോദരനാണ്. "എന്റെ സഹോദരന്മാരുടെ അടുത്തേക്കു പോവുക" (യോഹ 20,17) എന്ന് മഗ്ദലേനമറിയത്തോട് അവിടുന്നു പറയുന്നത് വെറും യാദൃച്ഛികമായിട്ടല്ല. വേറൊരർത്ഥത്തിലാണെങ്കിലും മിശിഹാ എല്ലാ ക്രൈസ്തവരുടെയും സഹോദരനാണ്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ, അനേകം സഹോദരങ്ങളിൽ ആദ്യജാതൻ (റോമാ 8,29) എന്ന് പൗലോസ്ശ്ലീഹാ മിശിഹായെ വിളിക്കുന്നു.

**മറിയം: സഭാകുടുംബത്തിന്റെ അമ്മ**

സെനക്കിളിന്റെ രണ്ടാമത്തെ ചിത്രവും കുടുംബത്തിന്റേതുതന്നെയാണ്. പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചു കാത്തിരുന്നപ്പോൾ, സഭ മുഴുവനും പ്രാർത്ഥനയിൽ ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. ഈ സമ്മേളനത്തിൻെറ ആത്മീയകണ്ണി അമ്മയായ പരിശുദ്ധ കന്യകാമറിയമായിരുന്നല്ലോ. അതിനാൽ മൗതികശരീരത്തിന്റെ മുഴുവൻ അമ്മയും അവൾതന്നെയാണ്. ശിരസ്സ് ശരീരത്തിൽനിന്നും വേർപെടുത്താനാവില്ല; ശരീരം ശിരസ്സിൽനിന്നും. പരിശുദ്ധ കന്യകാമറിയം പൂർണ്ണമിശിഹായുടെ അമ്മയാണ്. അവൾ രക്ഷാകരകർമ്മത്തിൽ സഹകരിക്കുന്ന മാതാവാണ്. കാരണം ഈശോയുടെ ശാരീരിക മരണത്തിനു സമാന്തരമായ ഒരു മൗതിക മരണത്തിലൂടെ നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനോടൊത്ത് അവൾ സഹിക്കുന്നു. കുരിശുമരണവേളയിൽ യോഹന്നാനിലൂടെ ഈശോ നമ്മെ അവൾക്ക് ഏല്പിച്ചുകൊടുത്തു: "ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തുനില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തത്തിലേക്കു സ്വീകരിച്ചു" (യോഹ 19,26-27). 'ഈശോ

"ദൈവത്തിന്റെ പരിപൂർണതയെ ലക്ഷ്യം വച്ചു കൊണ്ടുള്ള നമ്മുടെ ജീവിതയാത്രയിലെ ഓരോ ചുവടുവയ്പുകളുടെയും പ്രവർത്തനങ്ങളുടെയും പിന്നിൽ സ്നേഹമായിരിക്കട്ടെ. എല്ലാവർക്കും നന്മ ചെയ്യുക. എല്ലാവരിലും ദൈവമുദ്ര പതിപ്പിക്കുക. അതാണ് സ്നേഹത്തിന്റെ പൂർണഭാവവും പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും നല്ല പ്രകാശനവും".

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



സ്നേഹിച്ച ശിഷ്യൻ' ഓരോ വിശ്വാസിയെയും പ്രതിനിധീകരിക്കുന്നവനാണ്. അതുകൊണ്ട് ഇവിടെ സഭാകുടുംബത്തിന്റെ അമ്മയായി പരിശുദ്ധ കന്യകാമറിയത്തെ ഈശോ പ്രഖ്യാപിക്കുകയാണ്. മറിയം നമ്മുടെ അമ്മയും നാം അവളുടെ മക്കളുമെന്ന നിലയിൽ നാം പരസ്പരം സഹോദരീസഹോദരന്മാരും സഭാമാതാവിന്റെ മക്കളുമാണ്. വി. ഗ്രന്ഥം സഭയെ വധുവായും (എഫേ 5,25-27) മാതാവായും പരിഗണിക്കുന്നതിനാൽ സഭയെ കുടുംബമെന്നു വിശേഷിപ്പിക്കുന്നതു തികച്ചും വിശുദ്ധഗ്രന്ഥാധിഷ്ഠിതമാണ്.

### സഭ: ദൈവമക്കൾക്കടുത്ത കുടുംബബന്ധം ജീവിക്കുന്നവരുടെ സമൂഹം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വത്തിനു ചുറ്റിലും, സഹോദരന്മാരിൽ ഒന്നാമനായ മിശിഹായ്ക്കു ചുറ്റിലും, മിശിഹായുടെയും സഭമുഴുവന്റെയും അമ്മയായ മറിയത്തിനു ചുറ്റിലും കൗദാശിക ഐക്യത്തിൽ ഒരുമിച്ചുകൂടുന്ന ഒരു കുടുംബമായി സഭയെ പടുത്തുയർത്തുവാൻ ഇടയന്മാരും വിശ്വാസികളെല്ലാവരും എല്ലാ വിധത്തിലുള്ളതും നിരന്തരവുമായ പരിശ്രമം നടത്തേണ്ടതാണ്. 'സഭ-കുടുംബം' എന്ന ഈ ആശയം ഒരു കൂദാശായാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്നതോടൊപ്പം, നാം എത്തിച്ചേരുവാൻ പരിശ്രമിക്കേണ്ട ഒരു ആദർശമായും നിലകൊള്ളുന്നു. നിർഭാഗ്യവശാൽ ഈ ആദർശം അല്പംമാത്രം മനസ്സിലാക്കപ്പെടുകയും അപൂർവമായിമാത്രം പ്രായോഗികമാക്കപ്പെടുകയും ചെയ്യുന്നു. ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്ന ഒന്നാണിത്. കൂടുതൽ കൂടുതൽ സഭാംഗങ്ങൾ, വൈദികരും സന്ന്യസ്തരും അൽമായരും, സെനക്കിൾ ആദ്ധ്യാത്മികതയുടെ പാഠങ്ങൾ മനസ്സിലാക്കുകയും, ബോദ്ധ്യത്തോടെയും ആദർശധീരതയോടെയും പ്രേഷിതരാകുവാൻ സന്മനസ്സുള്ളവരാകുകയും ചെയ്യണം. പൂർണമായും കുടുംബമായി രൂപപ്പെട്ട ഒരു സഭയ്ക്കുമാത്രമേ, സ്നേഹമാകുന്ന ദൈവത്തിൽനിന്നുള്ള അവരുടെ ജനനത്തിനും ജീവിതത്തിനും വിശ്വസനീയമായ സാക്ഷ്യം നല്കുവാൻ കഴിയൂ.

*ദൈവദാസനായ വില്യം ജക്വീന്താപിതാവ് അൽമായർക്കുവേണ്ടി സ്ഥാപിച്ച 'സോഷ്യൽ ആനിമേറ്റേഴ്സ്' എന്ന സഭാത്മകസമൂഹത്തിലെ അംഗമാണ് ഞാൻ. 2002ൽ അമേരിക്കയിലുള്ള എന്റെ മകന്റെ ഏകമകൾ ഹന്നായ്ക്ക് ലൂക്കേമിയ എന്ന ക്യാൻസർ ബാധിച്ചിരിക്കുന്നു എന്ന് കണ്ടെത്തി. രണ്ടു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അവൾ, നീണ്ടതും വിദഗ്ധവുമായ ചികിത്സ നല്കിയാലും, രക്ഷപെടാനുള്ള സാധ്യത വിരളമാണെന്ന് ഡോക്ടർമാർ പറഞ്ഞിരുന്നു. ഇതറിഞ്ഞപ്പോൾ മുതൽ ഞാൻ എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥനയുടെ സമയത്ത് മുട്ടുകുത്തി വില്യം ജക്വീന്താപിതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന ഉച്ചത്തിൽ ചൊല്ലാൻ തുടങ്ങി. ഏകദേശം ആറുമാസത്തെ ചികിത്സ കഴിഞ്ഞപ്പോൾ ഡോക്ടേഴ്സ് ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. രണ്ടു വർഷത്തിനുള്ളിൽ അവൾ പൂർണ്ണമായും സുഖപ്പെടുകയും ചെയ്തു.*

*ദൈവത്തിനു സ്തുതി!*

*വില്യം ജക്വീന്താപിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.*

***മത്തായി വർക്കി അറയ്ക്കൽ, എരുമേലി***



# ദൈവാനുഭവത്തിന്റെ ദിവ്യനിമിഷങ്ങൾ

ആൻസി കടുപ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**പ**ന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു (നട 2,1)

പരിശുദ്ധ അമ്മയോടൊപ്പം സെഹിയോൻശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യസമൂഹത്തിലേക്കാണ് പരിശുദ്ധാത്മാവ് ശക്തി ചൈതന്യമായി കടന്നുവന്നത്. പരിശുദ്ധാത്മശക്തിയാൽ നിറഞ്ഞ ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് തങ്ങൾ അനുഭവിച്ചറിഞ്ഞ മിശിഹാനുഭവം പങ്കുവയ്ക്കാനായി ഇറങ്ങിപ്പുറപ്പെടുന്നതിനെയും അവരുടെ സുവിശേഷപ്രഘോഷണത്തെയും പ്രത്യേകമാംവിധം അനുസ്മരിക്കുന്ന ശ്ലീഹാക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്.

ശ്ലീഹന്മാരുടെ തുടർച്ചയായ സഭയിലൂടെയാണ്, സഭയുടെ ആരാധനക്രമത്തിലൂടെയാണ് ഇന്ന് ഈശോയോടു ബന്ധപ്പെടുവാൻ നമുക്കു സാധിക്കുന്നത്. സഭാസമൂഹത്തിന്റെ ഈശോമിശിഹായിലുള്ള ജീവിതപ്രകാശനം അഥവാ ആഘോഷമാണ് ദൈവാരാധന. മിശിഹാകേന്ദ്രീകൃതമായ ആരാധനയുടെ നട്ടെല്ലും അടിത്തറയും യാമപ്രാർത്ഥനകളാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പിക്കുന്നു. ഈശോമിശിഹായിൽ കേന്ദ്രീകൃതമായ രക്ഷാകര സംഭവങ്ങളുടെ ആഘോഷവും അനുസ്മരണവുമാണ് ആണ്ടുവട്ടത്തിലുടനീളം നീണ്ടുനില്ക്കുന്ന ആരാധനക്രമവത്സരത്തിന്റെ ഇതിവൃത്തം. ചുരുക്കിപ്പറഞ്ഞാൽ അനുദിനം നാം അർപ്പിക്കുന്ന പരിശുദ്ധ കുർബാനയുടെ ചൈതന്യത്തെ ദിവസത്തിന്റെ വിവിധ യാമങ്ങളിലേക്ക് ഒഴുക്കിക്കൊണ്ട് ജീവിതംമുഴുവൻ നിരന്തരമായ ദൈവസ്തുതിയാക്കി മാറ്റുന്ന ആരാധനാകർമ്മമാണ് യാമപ്രാർത്ഥനകൾ.

ഓരോ ദിവസത്തെയും വിശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ ശിരസ്സായ മിശിഹായും മൗതികശരീരമായ സഭയും ഒന്നുചേർന്ന് ദൈവപിതാവിന് അർപ്പിക്കുന്ന പരസ്യമായ ആരാധനയാണിത്. പരിശുദ്ധ കുർബാന കഴിഞ്ഞാൽ സഭയുടെ ഏറ്റവും വലിയ ആരാധനയാണ് യാമപ്രാർത്ഥനകൾ. "തിരുസ്സഭയുടെ നാമത്തിൽ ഔദ്യോഗികമായി ജപിക്കുന്ന പ്രാർത്ഥനയാണ് യാമപ്രാർത്ഥന" (ആരാധനക്രമം 99). യാമപ്രാർത്ഥനയുടെ സഭാത്മകസ്വഭാവമാണ് ഇതു സൂചിപ്പിക്കുന്നത്. ഒരു വ്യക്തി ഈ പ്രാർത്ഥന ജപിക്കുമ്പോൾ തന്റെയും സഭ മുഴുവന്റെയും ഹൃദയവികാരങ്ങളാണ് ഉൾക്കൊള്ളുക. സഭ മുഴുവന്റെയും ആരാധനാഭാവങ്ങളോടുചേർന്ന് ദൈവത്തിന് സ്തുതിയും കൃതജ്ഞതയും ആരാധനയും നന്ദിയുമെല്ലാം സമർപ്പിക്കുമ്പോൾ നാമും സഭയോടൊത്തു ചിന്തിക്കുകയും പ്രാർത്ഥിക്കുകയും സഭയുടെ ആദ്ധ്യാത്മികഭാവം സ്വന്തമാക്കുകയുമാണ് ചെയ്യുക.

> "സഭയെ സ്നേഹിക്കാതെയും സഭയോടൊത്തു
> ജീവിക്കാതെയും ആർക്കും വിശുദ്ധരാകാൻ
> സാധിക്കുകയില്ല. ആരാധനക്രമത്തിലെ ഒരു
> കൊച്ചു നിർദ്ദേശത്തിനുവേണ്ടിയാണെ
> ങ്കിൽപോലും അനുസരണത്തിന്റെ പുത്രനായി
> മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു".
>
> ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



ഇപ്രകാരം സഭയെയും സഭയുടെ യാമപ്രാർത്ഥനകളെയും തന്റെ ജീവശ്വാസമായി കണ്ട വ്യക്തിയായിരുന്നു ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ. സഭയുടെ പ്രാർത്ഥനകൾ സമൂഹ പരമായി ചൊല്ലുന്നതിൽ അങ്ങേയറ്റം വിശ്വസ്തത പുലർത്തിയിരുന്ന അദ്ദേഹം രോഗത്താൽ അവശനായി തന്റെ മുറിയിൽ കിടക്കുമ്പോഴും പ്രാർത്ഥനയുടെ സമയമാകുമ്പോൾ ഒരു പ്രത്യേക ചൈതന്യത്തോടെ യാമപ്രാർത്ഥനകൾ ചൊല്ലി ദൈവാനുഭവത്തിന്റെ ദിവ്യനിമിഷങ്ങളിൽ പങ്കുചേർന്നിരുന്നു.

തിരുസ്സഭാമാതാവിന്റെ മടിത്തട്ടിൽ വളർന്ന ജക്വീന്താപിതാവ് തന്റെ ഇഹലോകവാസത്തിന്റെ അവസാന നിമിഷങ്ങൾവരെയും ആ മടിത്തട്ടിൽനിന്നും അല്പംപോലും മാറിയിരുന്നില്ല. ആശുപത്രിക്കിടക്കയിൽ ഓക്സിജൻ മാസ്ക് വച്ച് ശ്വസിപ്പിച്ച് ജീവൻ നിലനിർത്താൻ തന്റെ ആത്മീയമക്കൾ യത്നിക്കുമ്പോൾ, ആ വത്സലതാതൻ സഭയുടെ പ്രാർത്ഥനകൾ ഉരുവിടാൻ വെമ്പൽ കൊള്ളുകയായിരുന്നു.

1994 ജൂൺ 15. അന്നൊരു ബുധനാഴ്ച ആയിരുന്നു. രാവിലെ പ്രഭാതയാമപ്രാർത്ഥനയിലെ സ്തുതിപ്പ് ആവർത്തിച്ചാവർത്തിച്ച് ചൊല്ലിത്തരുവാൻ തന്റെ ആത്മീയമക്കളോട് അദ്ദേഹം ആവശ്യപ്പെട്ടു. ആ പ്രാർത്ഥനയിലുടനീളം അദ്ദേഹത്തിന്റെ മുഖം വളരെ പ്രസന്നമായി കാണപ്പെട്ടു. പിതാവ് ബോധപൂർവ്വം ഹൃദയംകൊണ്ട് ഓരോ വരിയും ചൊല്ലുന്നതിൽ പങ്കുചേരുകയായിരുന്നു. അങ്ങനെ തന്റെ ഇഹലോകവാസത്തിന്റെ അവസാനശ്വാസംവരെയും സഭയുടെ പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ട് സ്വർഗ്ഗീയ പിതാവിന്റെ മടിത്തട്ടിലേക്ക് അദ്ദേഹത്തിന്റെ ആത്മാവ് പറന്നുപോയി.

മരിക്കുന്നതിനുമുമ്പ് അദ്ദേഹം ആവർത്തിച്ചുരുവിട്ട സ്തുതിപ്പ് ഇപ്രകാരമായിരുന്നു:

"രാത്രിയേ, അന്ധകാരമേ, മഞ്ഞേ ഓടിമറയുക,
പ്രകാശം ഇതാ വരുന്നു...
ഈശോമിശിഹാ ഇതാ വരുന്നു...
നീതിസൂര്യനായ ഈശോ
തന്നെ കാത്തിരിക്കുന്ന ലോകത്തെ
രൂപാന്തരപ്പെടുത്തുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു"
(ബുധൻ, പ്രഭാതപ്രാർത്ഥന, ലാറ്റിൻക്രമം).

നമുക്കും സഭയെയും സഭയുടെ പ്രാർത്ഥനകളെയും സ്നേഹിക്കാം.
അതുവഴി അനുദിനം ദൈവാനുഭവത്തിലും വിശുദ്ധിയിലും വളരാം.




# ഇരുണ്ട മേഘങ്ങൾ

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**അ**ടഞ്ഞ ലോകത്തിന്റെമേലുള്ള ഇരുണ്ട മേഘങ്ങളെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ 'എല്ലാവർക്കുംവേണ്ടിയുള്ള പദ്ധതികളുടെ അഭാവത്തെ'ക്കുറിച്ചും ഫ്രാൻസിസ് പാപ്പാ പറയുന്നുണ്ട്. പൊതുജനത്തിന്റെ ജീവിതം കാതലായ രീതിയിൽ മെച്ചപ്പെടുത്തത്തക്കവിധത്തിലുള്ളതും പൊതുനന്മ മുന്നോട്ടു കൊണ്ടുപോകാൻ പ്രയോജനപ്പെടുന്നവിധത്തിലുമുള്ള ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നമ്മുടെ മാനവകുടുംബം മുഴുവന്റെയും വികസനത്തിനു വേണ്ടി വലിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്ന പദ്ധതികൾ അനിവാര്യമാണ്. നാം ജീവിക്കുന്ന ലോകത്തെ പരിപാലിക്കുക എന്നു പറഞ്ഞാൽ നമ്മെത്തന്നെ പരിപാലിക്കുക എന്നാണ് അർത്ഥം. തന്മൂലം പൊതുഭവനത്തിൽ വസിക്കുന്ന ഏക കുടുംബം എന്ന നിലയിൽ എല്ലാവരുടെയും നന്മയ്ക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെടണം.

ഈ ലോകത്തിന്മേലുള്ള മറ്റൊരു ഇരുണ്ട മേഘമെന്നത് 'വലിച്ചെറിയപ്പെടൽ സംസ്കാരം' ആണ്. ദരിദ്രരായവരെയും ഭിന്നശേഷിക്കാരെയും വൃദ്ധരായവരെയും വേണ്ടവിധത്തിൽ ശുശ്രൂഷിക്കാതെയും ആദരിക്കാതെയും കടന്നുപോകുന്ന ഒരു ലോകത്തിലാണ് നാമിന്ന്. ഇന്ന് വൃദ്ധജനങ്ങളെ ദുഃഖകരവും ഏകാന്തവുമായ അവസ്ഥയിലേക്ക് ഇറക്കിവിടുന്നു. വ്യക്തിപരമായ താല്പര്യങ്ങൾക്കുമാത്രം മുൻതൂക്കംകൊടുത്ത് വൃദ്ധരായ മാതാപിതാക്കളെ മക്കൾ ക്രൂരമായി ഒറ്റപ്പെടുത്തുകയും പരിത്യജിക്കുകയും ചെയ്യുന്നു. ഇതു നമ്മുടെ കുടുംബത്തെത്തന്നെ ദരിദ്രമാക്കുകയും വികൃതമാക്കുകയും ചെയ്യുന്നുവെന്ന് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

അപര്യാപ്തമായ സാർവ്വത്രിക മനുഷ്യാവകാശങ്ങൾ ഇന്നും ഭീതിജനകമായവിധത്തിൽ

ഉണ്ട്. മനുഷ്യാവകാശങ്ങൾ എല്ലാവർക്കും ഒരേപോലെ ലഭിക്കുന്നില്ല. ഏറെ ആഘോഷത്തോടെ പ്രഖ്യാപിക്കപ്പെട്ട 'എല്ലാ മനുഷ്യവ്യക്തികൾക്കുമുള്ള തുല്യ അന്തസ്സ്' ഇന്ന് യഥാർത്ഥത്തിൽ പ്രായോഗികമായി കാണപ്പെടുന്നില്ല. മനുഷ്യവർഗത്തിന്റെ ഒരു വിഭാഗം സമൃദ്ധിയിൽ ജീവിക്കുമ്പോൾ മറ്റൊരു വിഭാഗത്തിന് അതിന്റെ അന്തസ്സ് നിഷേധിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചവിട്ടിമെതിക്കപ്പെടുകയും, അതിന്റെ മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുകയും ലംഘിക്കപ്പെടുകയും ചെയ്തതായി കാണപ്പെടുന്നു.

കൂടാതെ, പുരുഷന്മാരുടേതുപോലെയുള്ള അതേ അന്തസ്സും തത്തുല്യമായ അവകാശങ്ങളും സ്ത്രീകൾക്കുമുണ്ട്. എന്നാൽ വാക്കുകൾകൊണ്ട് ഒരു കാര്യം പറയുന്ന നാം തീരുമാനങ്ങളും യാഥാർത്ഥ്യവും മറ്റൊരു വഴിയിലേക്കാണ് കൊണ്ടുപോകുന്നത്. ഒഴിവാക്കലിന്റെയും മോശമായ പെരുമാറ്റത്തിന്റെയും അക്രമത്തിന്റെയും അവസ്ഥകൾ സഹിക്കുന്ന സ്ത്രീകൾ രണ്ടു മടങ്ങ് ദരിദ്രരാണ്. അവകാശങ്ങൾക്കുവേണ്ടി സംഘടിക്കാനും പ്രതിരോധിക്കാനും പ്രതിഷേധിക്കാനും വഴികളില്ലാത്ത സ്ത്രീകളുടെ അന്തസ്സ് അവമതിക്കപ്പെടുന്നുണ്ട്. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട, അടിമത്തത്തിന് സമാനമായ അവസ്ഥകളിൽ ജീവിക്കാൻ സ്ത്രീകളും കുട്ടികളും നിർബന്ധിതരാകുന്നുണ്ട്. അന്യരുടെ സ്വത്ത് എന്നപോലെ അവർ വില്ക്കപ്പെടുകയും തരംതാഴ്ത്തപ്പെടുകയും ചെയ്യുന്നു. സ്ത്രീകളെ പീഡനവിധേയരാക്കുകയും നിർബന്ധിത ഗർഭഛിദ്രം നടത്തുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന അതിഭീകരമായ അവസ്ഥയും ഇന്നുണ്ട്.

മറ്റൊരു ഇരുണ്ട മേഘം ഇന്നത്തെ സമൂഹത്തിലുള്ള സംഘട്ടനങ്ങളും ഭയം നിറഞ്ഞ ജീവിതാവസ്ഥയുമാണ്. ചില സാമ്പത്തിക തല്പരകക്ഷികൾ യുദ്ധവും ഭീകരാക്രമണങ്ങളും തങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ നടത്തുന്നു. ഒരു മൂന്നാം ലോകമഹായുദ്ധത്തിന് രൂപം കൊടുക്കത്തക്കവിധത്തിലുള്ള ആക്രമണോത്സുകത പലയിടത്തും കാണപ്പെടുന്നു. എല്ലാ യുദ്ധങ്ങളുടെയും ഇര "മാനവകുടുംബത്തിന്റെ സാഹോദര്യത്തിലേക്കുള്ള സഹജമായ വിളിയാണ്". ഇക്കാരണത്താൽ എല്ലായിടത്തും ഭീതിജനകമായ ഒരു അവസ്ഥയും അവിശ്വാസം വളർത്തുന്ന ഒരു സാഹചര്യവും സ്വന്തം സുരക്ഷിതമേഖലയിലേക്ക് ഉൾവലിയുന്ന ഒരു സ്ഥിതിവിശേഷവും ഉണ്ടാകുന്നു. കൂടാതെ, ഹൃദയത്തിലും നിലങ്ങളിലും മതിലുകൾ കെട്ടിപ്പൊക്കി, മറ്റു വ്യക്തികളും സംസ്കാരങ്ങളുമായുള്ള സംസർഗങ്ങൾ ഒഴിവാക്കി മതിലുകളുടെ സംസ്കാരവും നാം ഈ ലോകത്തിൽ പണിയുന്നുണ്ട്. മറ്റുള്ളവരുമായി സമ്പർക്കമില്ലാത്ത, ഭയവും അരക്ഷിതാവസ്ഥയും നിലകൊള്ളുന്ന ഒരു ലോകമാണിത്.

എല്ലാ മേഖലയിലും - സാങ്കേതികം, വൈദ്യശാസ്ത്രം, വ്യവസായം, സാമ്പത്തികക്ഷേമം - വിസ്മയകരമായ നേട്ടം കൈവരിച്ചിരിക്കുന്ന വികസിതരാജ്യങ്ങൾ ചിലപ്പോഴെങ്കിലും പൊതുവായ ഉത്തരവാദിത്വങ്ങൾ മറക്കുകയും ആത്മീയധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നല്കാതിരിക്കുകയും ചെയ്യുന്നുണ്ട്. യുദ്ധോപകരണങ്ങളുടെ മത്സരാധിഷ്ഠിതമായ ശേഖരണം, രാഷ്ട്രീയ അനിശ്ചിതത്വം, പ്രകൃതിവിഭവങ്ങളുടെ നിഷ്പക്ഷമല്ലാത്ത ഉപയോഗം, ആരോഗ്യകരമായ സംഭാഷണങ്ങളുടെ അഭാവം ഇവയെല്ലാം മനുഷ്യർക്കിടയിൽ പിരിമുറുക്കം വർദ്ധിക്കുവാൻ കാരണമാകുന്നു.

ലോകജനത പൊതുവായ സഹകരണത്തിലും മൂല്യങ്ങളിലും ജീവിക്കേണ്ടവരാണ്. ഒരേ തോണിയിൽ മുന്നേറുന്നവരാണ് നമ്മൾ. സാഹോദര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ ഹൃദയശൂന്യരാകരുത് നമ്മൾ. സഹജീവികളിൽനിന്ന് ഒറ്റപ്പെട്ടു നില്ക്കാതെ, എല്ലാവരോടും കൂടുതൽ ഹൃദയസാമീപ്യവും ഐക്യവും വളർത്തി ജീവിക്കണം. അപ്പോൾമാത്രമാണ് ഇരുണ്ട മേഘങ്ങൾ മാറി അന്തരീക്ഷം പ്രഭാപൂർണ്ണമാകുന്നത്.



# കർത്താവിന്റെ കരം അവനോടുകൂടെയുണ്ടായിരുന്നു

**എ**ന്റെ പേര് റീത്താ ഷ്യാത്തേല്ല. റോമിലെ തീവൊളി രൂപതയിലുള്ള വില്ല അദ്രിയാന യിൽ താമസിക്കുന്നു. ഞങ്ങളുടെ രൂപതയിലെ ബിഷപ്പായിരുന്ന വില്യം ജക്വീന്താപിതാവ് രൂപംകൊടുത്ത 'പ്രോസാങ്ടിറ്റി മൂവ്മെന്റി'ലെ ഒരംഗമാണു ഞാൻ. വ്യക്തിപരമായി അദ്ദേഹ ത്തെപ്പറ്റി അറിയുവാൻ എനിക്കു നിരവധി അവസരങ്ങൾ ലഭിച്ചു. അദ്ദേഹം സ്ഥാപിച്ച സമർപ്പി തസമൂഹമായ 'അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടി'ന്റെ പ്രവർത്തനമേഖല യായിരുന്നു പ്രോസാങ്ടിറ്റി മൂവ്മെന്റ്. ഇതിലൂടെ വിശുദ്ധിയുടെ ചൈതന്യത്തിൽ ഓരോ ദിവ സവും ജീവിക്കുവാനുള്ള പരിശീലനം ഒബ്ലേറ്റ്സിൽനിന്നും ഞങ്ങൾക്കു ലഭിച്ചു. 'കാരിത്താസ് സെന്റർ' എന്ന പേരിലുള്ള സന്നദ്ധസംഘടനയിൽ സേവനം ചെയ്യുവാൻ ഇതെന്നെ കൂടുതൽ സഹായിച്ചു.

2011 ഒക്ടോബർ 19 ന് ബ്രേഷ്യായിൽനിന്നുള്ള ഒരു കുടുംബം തങ്ങളുടെ കൗമാരക്കാര നായ മകനോടൊപ്പം വില്ല അദ്രിയാനയിലെ അവരുടെ ഒരു ബന്ധുവിന്റെ കൂടെ താമസം ആരംഭിച്ചു. ഭർത്താവായ കോസ്റ്റൽ ഒരു ഫിഷ് ഫാമിൽ ജോലി ചെയ്തിരുന്നെങ്കിലും ശമ്പളം ലഭിച്ചിരുന്നില്ല. ഭാര്യ, കാർമെന് ജോലിയുമില്ലായുന്നു. എല്ലാ മാസവും ഭക്ഷണപായ്ക്കറ്റുകളും വസ്ത്രങ്ങളും എടുക്കാൻ അവർ 'കാരിത്താസി'ൽ എത്തിയിരുന്നു. അങ്ങനെയിരിക്കെ, കോസ്റ്റ ലിന് 'ബഡ് കിയാരി സിൻഡ്രോം' എന്ന മാരകരോഗമുണ്ടെന്ന് കണ്ടെത്തി. കരളിന്റെ പ്രവർത്തനത്തെ അതു സാരമായി ബാധിച്ചു. കരൾ മാറ്റി വയ്ക്കുകയായിരുന്നു പ്രതിവിധി. അതിനായി റോമിലെ ഏറ്റവും വലിയ ആശുപത്രികളിലൊന്നായ 'പോളിക്ലിനിക്കോ ജെമേല്ലി'യിൽ അദ്ദേഹത്തിന്റെ പേര് രജിസ്റ്റർ ചെയ്തു. മുന്നോട്ടുപോകുന്തോറും അദ്ദേഹ ത്തിന്റെ അവസ്ഥ വഷളായിക്കൊണ്ടിരുന്നു. പക്ഷേ, ഓപ്പറേഷൻ നടത്തുന്നതിന് പല പല തട സ്സങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അവസാനം ഏകദേശം അഞ്ചു വർഷങ്ങൾക്കുശേഷം 2016 ഫെബ്രുവരി 12 ന് ആശുപത്രിയിൽനിന്നും വിളി വന്നു. അന്ന് വൈകുന്നേരം ആംബുലൻസ്

എത്തി കോസ്റ്റലിനെ കൊണ്ടുപോകുകയും പിറ്റേ ദിവസം പുലർച്ചേ 3.30 ന് ഓപ്പറേഷൻ ആരംഭിക്കുകയും ചെയ്തു. ഒത്തിരി സങ്കീർണ്ണതകൾ ഉള്ളതിനാൽ നീണ്ട 17 മണിക്കൂറുകൾ ശസ്ത്രക്രിയയ്ക്കുവേണ്ടിവന്നു. ശസ്ത്രക്രിയ വിജയിച്ചു എന്നു പറയുന്നതിനു പകരം 'നമുക്കു പ്രതീക്ഷിക്കാം' എന്നാണ് പ്രധാന ഡോക്ടർ അറിയിച്ചത്. കോസ്റ്റലിനെ ഐ.സി.യു.വിലേക്കു മാറ്റിയെങ്കിലും അദ്ദേഹത്തിന് ബോധം തെളിഞ്ഞില്ല. രണ്ടു ദിവസം അദ്ദേഹം കോമയിൽ ആയിരുന്നു. രണ്ടാം ദിവസം വൈകുന്നേരം ഒരു C.T. സ്കാൻ എടുത്തു. അപ്പോഴാണ് ഒരു മുഴ കണ്ടെത്തിയത്. അതിനാൽ പുതുതായി വച്ചുചേർത്ത കരൾ പ്രവർത്തനരഹിതമായിരുന്നു.

കോസ്റ്റലിനെ അടിയന്തിരമായി വീണ്ടും ഓപ്പറേഷൻ തിയേറ്ററിലേക്കു തിരികെ കൊണ്ടുപോയി. അദ്ദേഹത്തിന്റെ അവസ്ഥ കൂടുതൽ കൂടുതൽ മോശമായിക്കൊണ്ടിരുന്നു. വീണ്ടും ഉദ്വേഗത്തിന്റെ ഏഴു മണിക്കൂറുകൾ... അതിനുശേഷം, അദ്ദേഹം അന്ന് അർദ്ധരാത്രി കടന്നുപോകുകയില്ല എന്ന് അദ്ദേഹത്തെ നിരീക്ഷിച്ചുകൊണ്ടിരുന്ന ഡോക്ടേഴ്സ് ഭാര്യയെ അറിയിച്ചു. പ്രാർത്ഥനയല്ലാതെ മറ്റൊരു ആശ്രയവുമില്ല.

ഈ വാർത്ത അറിഞ്ഞയുടൻ ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. ഒപ്പം എന്റെ സുഹൃത്തുക്കളോടും പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. കോസ്റ്റലിന്റെ ജീവനായി ഞാൻ ജക്വീന്താപിതാവിനോട് മാദ്ധ്യസ്ഥ്യം അപേക്ഷിച്ചു. ഉറങ്ങാൻ പോയെങ്കിലും രാത്രിയിൽ ഞാൻ പലതവണ ഉറക്കമുണരുകയും കോസ്റ്റലിനെപ്പറ്റി എന്തെങ്കിലും അശുഭകരമായ സന്ദേശമുണ്ടോ എന്നറിയാൻ മൊബൈൽഫോൺ എടുത്തുനോക്കുകയും ജക്വീന്താപിതാവിനോടു പ്രാർത്ഥിക്കുകയും ചെയ്തു. എന്നാൽ എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട് കോസ്റ്റൽ ആ രാത്രി പിന്നിട്ടു. കരൾ പ്രവർത്തനരഹിതമായിരുന്നിട്ടും ഇദ്ദേഹം ജീവിച്ചിരിക്കുന്നത് ഒരു അത്ഭുതമാണെന്ന് അദ്ദേഹത്തെ രാവിലെ സന്ദർശിച്ച ഡോക്ടർ വെളിപ്പെടുത്തി. മറ്റൊരു കരൾ ലഭ്യമാക്കുന്നതിനായി പ്രധാന ഡോക്ടർ അധികാരികളോട് അപേക്ഷിച്ചു. എന്നാൽ ഇത്രയും പ്രതീക്ഷയില്ലാത്ത ഒരു രോഗിക്ക് മറ്റൊരു കരൾ നല്കി അത് നഷ്ടപ്പെടുത്തണമോ എന്നായിരുന്നു മറ്റു ഡോക്ടേഴ്സിന്റെ ചിന്ത. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ പ്രധാന ഡോക്ടർ അദ്ദേഹത്തിന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അതിനാൽ പിന്നീട് മറ്റുള്ളവർ അദ്ദേഹത്തെ അനുകൂലിച്ചു. ഈ സമയംമുഴുവനും ഒബ്ലേറ്റ്സും പ്രോസാങ്ടിറ്റി മൂവ്മെന്റ് കുടുംബം മുഴുവനും കോസ്റ്റലിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

"പരിശ്രമങ്ങളിൽ മുള്ളു തറയ്ക്കുമ്പോൾ
പ്രഘോഷണത്തിനു ഭയം തോന്നുമ്പോൾ
വിശ്വാസത്തിൽ ഇരുട്ട് അനുഭവപ്പെടുമ്പോൾ
പ്രതീക്ഷയുടെ തുടിപ്പ് രുചിച്ചറിയുന്നതിന്
പ്രാർത്ഥന നമ്മെ സഹായിക്കുന്നു".
ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ





രണ്ടാമത്തെ ശസ്ത്രക്രിയ നടത്തിയശേഷം ബോധം വീണ്ടുകിട്ടിയെങ്കിലും കോസ്റ്റലിന് തനിയെ ശ്വസിക്കാൻ സാധിച്ചിരുന്നില്ല. ഞങ്ങൾ വീണ്ടും പ്രാർത്ഥന ശക്തമാക്കി. ഡോക്ടർമാരുടെ പരിശ്രമവും പ്രാർത്ഥനയുംകൂടി ചേർന്നപ്പോൾ അദ്ദേഹത്തിന്റെ ഈ അവസ്ഥയ്ക്ക് മാറ്റം വന്നു. അദ്ദേഹത്തെ വാർഡിലേക്കു മാറ്റി. എങ്കിലും അദ്ദേഹത്തിന് ശക്തമായ വേദന തുടർന്നുമുണ്ടായിരുന്നു. ഭക്ഷണം കഴിക്കാനും സാധിച്ചിരുന്നില്ല. ഞങ്ങൾ ജക്വീന്താപിതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന തുടർന്നുകൊണ്ടേയിരുന്നു. അങ്ങനെ വേദനയ്ക്ക് ശമനം വരികയും അദ്ദേഹം അല്പാല്പം ഭക്ഷണം കഴിക്കാൻ തുടങ്ങുകയും പുതിയ ജീവിതത്തിലേക്ക് തിരികെ വരികയും ചെയ്തു.

ഒരു ദിവസം ഞാൻ കോസ്റ്റലിനെ കാണാനായി ചെന്നു. അദ്ദേഹം സുഖമായി കട്ടിലിൽ ഇരിക്കുകയായിരുന്നു. ഈ നാളുകളിൽ ഉണ്ടായ ചില അനുഭവങ്ങൾ അദ്ദേഹം എന്നോടു പങ്കുവച്ചു. വേദനയുടെ നാളുകളിൽ അദ്ദേഹം കണ്ട, അദ്ദേഹത്തെ ആശ്വസിപ്പിച്ച ഒരു വ്യക്തിയെക്കുറിച്ച് അദ്ദേഹം വാചാലനായി. ഈ സമയം അദ്ദേഹത്തിനുവേണ്ടി ഞങ്ങൾ മാദ്ധ്യസ്ഥ്യം തേടിയ ദൈവദാസനായ ബിഷപ് വില്യം ജക്വീന്താപിതാവിന്റെ ഫോട്ടോയോടുകൂടിയ മദ്ധ്യസ്ഥ പ്രാർത്ഥന ഞാൻ അദ്ദേഹത്തിനു നല്കി. ഫോട്ടോ കണ്ട മാത്രയിൽ വികാരഭരിതനായി സന്തോഷാധിക്യത്താൽ ത്രസിച്ചുകൊണ്ട് കോസ്റ്റൽ പറഞ്ഞു: “അത് ഇദ്ദേഹമാണ്. അത് ഇദ്ദേഹമാണ്. അതെ, ഈ ഫോട്ടോയിൽ കാണുന്ന വ്യക്തിയാണ് വേദനയുടെ ദിവസങ്ങളിൽ എന്റെ അടുത്തിരുന്ന് എന്നെ ആശ്വസിപ്പിച്ചിരുന്നത്”. കോസ്റ്റൽ ഇതുവരെയും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത ജക്വീന്താപിതാവ് അത്ഭുതകരമായി അദ്ദേഹത്തിന്റെകൂടെ ആയിരുന്നതിനെപ്പറ്റി ഓർത്തു സന്തോഷിച്ചുകൊണ്ട് നിറമിഴികളോടെ ആ മദ്ധ്യസ്ഥപ്രാർത്ഥന അദ്ദേഹത്തിന്റെ കിടക്കയിൽ വച്ചിട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് ഞാൻ വീട്ടിലേക്കു പോയി.

ഏപ്രിൽ മാസത്തിൽ അദ്ദേഹത്തെ ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ചെയ്തു. ഈ തിരിച്ചുവരവ് അസാധാരണമായ ഒരു അനുഭവമാണെന്നാണ് ഡോക്ടേഴ്സും നേഴ്സസും അഭിപ്രായപ്പെട്ടത്. കർത്താവിന്റെ കരം കോസ്റ്റലിന്റെ കൂടെ ഉണ്ടായിരുന്നു എന്ന് അവരെല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു. ദൈവദാസനായ വില്യം ജക്വീന്താപിതാവിന്റെ മാദ്ധ്യസ്ഥ്യത്താൽ നടന്ന ഒരത്ഭുതമായിരുന്നു ഇത്.

**വിവർത്തനം: ജെയ്നമ്മ ചെമ്പനാനിക്കൽ A.O.**

# സംരക്ഷകനായ വി. യൗസേപ്പ്



**സുജ ചോതിരകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**നീ**തിമാനും മറിയത്തിന്റെ ഭർത്താവുമായ വിശുദ്ധ യൗസേപ്പ് പൂർവ്വപിതാവായ യൗസേപ്പിന്റെ പ്രതീകവും സാദൃശ്യവുമാണ്. പല സാഹചര്യങ്ങളിലും അവർ തമ്മിൽ സാദൃശ്യമുണ്ട് ഈജിപ്തിലൊഴികെ ഭൂമിയിലെല്ലായിടത്തും വലിയ ഭക്ഷ്യക്ഷാമം ഉണ്ടായ സംഭവം വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നുണ്ടല്ലോ. സുഭിക്ഷത്തിന്റെ ഏഴ് വർഷങ്ങളിൽ യൗസേപ്പ് വളരെയധികം ധാന്യം ശേഖരിച്ചിരുന്നു. സഹായം അഭ്യർത്ഥിച്ചുകൊണ്ട് ആരെങ്കിലും ഫറവോയെ സമീപിച്ചിരുന്നപ്പോൾ അയാളുടെ മറുപടി, 'നിങ്ങൾ യൗസേപ്പിന്റെ അടുക്കൽ പോകുവിൻ' എന്നായിരുന്നു.

വി. യൗസേപ്പ് നമുക്കു ഭൗതികമായ അപ്പമല്ല, പ്രത്യുത സ്വർഗ്ഗത്തിൽനിന്നുള്ള യഥാർത്ഥമായ അപ്പമാണ് നല്കുന്നത്. അദ്ദേഹം ജീവന്റെ അപ്പമായ ഈശോയുടെ സംരക്ഷകനും വളർത്തുപിതാവുമാണ്. വിശുദ്ധ യൗസേപ്പിന്റെ സംരക്ഷണത്തിൽ ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവകൃപയിലും വളർന്നുവന്നു. ഈശോയുടെ ശരീരത്തിന്റെ സംരക്ഷകനായിരുന്ന അദ്ദേഹം ഇന്നു മിശിഹായുടെ മൗതികശരീരമാകുന്ന സാർവത്രികസഭയുടെ സംരക്ഷകനാണ്. ഈശോയുടെ വളർത്തുപിതാവെന്ന നിലയിൽ വിശുദ്ധ യൗസേപ്പിനുണ്ടായിരുന്ന ഏറ്റവും വലിയ സുകൃതം വിശ്വാസമായിരുന്നു. തന്റെ ഭാര്യയായ മറിയം ഗർഭവതിയായത് പരിശുദ്ധാത്മാവിനാലാണെന്നും, അവൾ പ്രസവിച്ചു പുൽതൊട്ടിയിൽ കിടത്തിയ ശിശു ദൈവപുത്ര

നാണെന്നും അദ്ദേഹം വിശ്വസിച്ചു. മാത്രമല്ല ദൈവത്തിൽനിന്നു മാലാഖ വഴി ലഭിച്ച എല്ലാ നിർദ്ദേശങ്ങളും അദ്ദേഹം വിശ്വാസചൈതന്യത്തോടെ സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്തു. നന്മരണത്തിന്റെ മധ്യസ്ഥൻ എന്നും നാം വിശുദ്ധ യൗസേപ്പിനെ വിളിക്കുന്നുണ്ട്. എന്നാൽ നമുക്ക് അദ്ദേഹത്തെ സൗഭാഗ്യകരമായ ജീവിതത്തിന്റെ മധ്യസ്ഥനായും വിശേഷിപ്പിക്കാം. കാരണം വി.യൗസേപ്പ് ഈശോയോടൊത്തു ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്തിരുന്നു. "പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട്, നസ്രസ്സിൽ വന്ന് അവർക്കു വിധേയനായി ജീവിച്ചു" (ലൂക്കാ 2,51). നസ്രത്തിൽ കഴിച്ചുകൂട്ടിയ വർഷങ്ങളിൽ ഈശോ മിക്കപ്പോഴും യൗസേപ്പിന്റെ പണിപ്പുരയിൽ അദ്ദേഹത്തിന്റെ അടുത്തുണ്ടായിരിക്കുകയും അദ്ദേഹത്തോടൊരുമിച്ച് മഴുവും ചുറ്റികയും ഉപയോഗിക്കുകയും ചെയ്തിരുന്നു. ഈശോയോടു സംഭാഷണം നടത്തുവാനും ഈശോയെ കരങ്ങളിൽ എടുത്ത് ആലിംഗനം ചെയ്യുവാനും നസ്രത്തിൽ ജീവിച്ചിരുന്ന കാലംമുഴുവൻ അവിടുത്തോടൊന്നിച്ചു വസിക്കുവാനും ഭാഗ്യം സിദ്ധിച്ച വിശുദ്ധ യൗസേപ്പ് എത്ര ഭാഗ്യവാനാണ്. എങ്കിലും പ്രകടനപരതയൊട്ടുമില്ലാത്ത ഒരു സാധാരണ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. താൻ ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിരുന്ന കാര്യങ്ങൾ ശുദ്ധനിയോഗത്തോടുകൂടെയും ഈശോയോടുള്ള ഐക്യത്തിലും ചെയ്യാൻ സാധിച്ചതിനാൽ അവയെല്ലാം അദ്ദേഹത്തിന് വിശുദ്ധിക്കും ഔന്നത്യത്തിനും കാരണമായി ഭവിച്ചു. ദൈവതിരുമനസ്സ് വെളിപ്പെടുന്ന നിമിഷത്തിൽ അത്യുത്സാഹപൂർവം അദ്ദേഹം അതു നിർവഹിച്ചിരുന്നു. വിശുദ്ധ യൗസേപ്പ് തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തോടൊപ്പം അനുദിന ജീവിതത്തിലെ മറ്റു കാര്യങ്ങളും ചിട്ടയായി ചെയ്തിരുന്നു. കഠിനമായ അദ്ധ്വാനഭാരംകൊണ്ട് യൗസേപ്പിതാവ് തളരുമ്പോഴും അദ്ദേഹത്തിന്റെ എല്ലാ പ്രയത്നങ്ങളെയും ദൈവം കടാക്ഷിക്കുകയും അവ ഫലസമൃദ്ധമാക്കുകയും ചെയ്തു.

ഈശോയോടുള്ള ഉറ്റബന്ധത്തിൽ ജീവിക്കുവാൻ പരിശ്രമിക്കുകയാണെങ്കിൽ നാം ഈ ലോകത്തോട് അന്ത്യയാത്ര പറയുമ്പോൾ വിശുദ്ധ യൗസേപ്പിനോടുകൂടെയെന്നതുപോലെ ഈശോ നമ്മുടെയും സമീപത്തുണ്ടായിരിക്കും. അവിടുന്ന് തിരുപ്പാഥേയമായി വന്നു നമ്മെ ശക്തിപ്പെടുത്തും.

"ദൈവത്തിന്റെ മുമ്പിൽ മനുഷ്യൻ എടുക്കുന്ന സമ്പൂർണ്ണ സമർപ്പണമാണു വിശ്വാസം. ജീവിതത്തിലുണ്ടാകുന്ന ദൗർഭാഗ്യകരമായ സംഭവങ്ങളിൽ സമനിലതെറ്റാതെ, ഭയചകിതരാകാതെ മുന്നോട്ടു പോകുവാൻ വിശ്വാസം നമ്മെ സഹായിക്കുന്നു".

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ





# ഉണർവ്വ്

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഓ**ൺലൈൻ ക്ലാസ്സിന്റെ ആലസ്യത്തിലായിരുന്നു മനു. വല്യമ്മച്ചിയുടെ മുറിയിലേക്കുള്ള വരവ് കണ്ടപ്പോഴേ അവൻ മനസ്സിലുറപ്പിച്ചു. അമ്മച്ചി ഇപ്പോഴെന്നെ പൊക്കും. വിചാരിച്ചു തീർന്നില്ല വിളി വന്നു. "മനുക്കുട്ടാ, എണീറ്റേ, ഈ മൊബൈലിൽ കയറിയിരുന്നു ചെറുക്കൻ മടിപിടിച്ചു.... പുറത്തുപോയി കുറച്ച് കളിച്ചുകൂടേ നിനക്ക്? ഓ... അവൻ ചിറി കോട്ടി... മനസ്സില്ലാ മനസ്സോടെ മനു എണീറ്റു. പുറത്ത് അനിയനും അനിയത്തിയും കളിച്ചുതിമിർക്കുന്നു. 'അവരുടെകൂടെ കൂടണോ'? ഒരു നിമിഷം ചിന്തിച്ചു. "വേണ്ട. വഴക്കാളികളാണ്, രണ്ടുംകൂടെ എന്നെ ഒറ്റപ്പെടുത്തും". മാവിൻചുവട്ടിലേക്ക് പോകാം. മാമ്പഴക്കാലമാണ്... ഒന്നുരണ്ടെണ്ണമെങ്കിലും കിട്ടാതിരിക്കില്ല. 'ചേട്ടായി... കളിക്കാൻ വരുന്നോ'? അനിയൻ വിളിച്ചുചോദിച്ചു. 'ഇല്ല'. വലിയ രസമില്ലാത്ത മനുവിന്റെ മറുപടി. പെട്ടെന്നാണ് ഒരു നല്ല കാറ്റു വീശിയത്. മാമ്പഴങ്ങൾ പൊടുപൊടോന്ന് താഴോട്ട്. പൊടുന്നനെതന്നെ അനിയനും അനിയത്തിയും മാമ്പഴങ്ങൾ കൈക്കലാക്കി. മനുവിനും കിട്ടി രണ്ടു കിളിപ്പാതി. തന്നെ നോക്കി വിജയശ്രീലാളിതരായി നിന്നു ചിരിക്കുന്നു രണ്ടുപേരും. അരിശം മൂത്ത മനു രണ്ടുപേർക്കിട്ടും നല്ല നുള്ളു കൊടുത്തു. ആരെയോ കേൾപ്പിക്കാനെന്നു തോന്നുമാറ് രണ്ടുപേരും ഉറക്കെ നിലവിളിച്ചു. ഇതു കേട്ട് ഓടിവന്ന വല്യപ്പച്ചനോട് രണ്ടുപേരും പരാതിപ്പെട്ടി തുറന്നു. അപ്പച്ചാ.. ചേട്ടായി ഞങ്ങളെ നുള്ളി. മനുവും തന്റെ വിഷമം പറഞ്ഞു. "മൂന്നു പേരും വാ". അപ്പച്ചൻ അവരെ വിളിച്ചുകൊണ്ടു പോയി. മനുക്കുട്ടാ... നീ ഹൈസ്കൂളിൽ ആയില്ലേ. എന്നിട്ടാണോ ഈ കുഞ്ഞുങ്ങളെ ഉപദ്രവിക്കുന്നത്..." അത് അപ്പച്ചാ... ഒരൊറ്റ മാമ്പഴംപോലും അവരെനിക്ക് തന്നില്ല". അതുകൊണ്ടാ... "നീയല്ലേ മുതിർന്നത്.... വേഗത്തിലോടി നിനക്ക് എടുക്കാമായിരുന്നില്ലേ? കുറേ ദിവസങ്ങളായി ഞാൻ നിന്നെ ശ്രദ്ധിക്കുന്നു. നിനക്കൊരുന്മേഷവും ഇല്ല.. പഴയ മനുവല്ല നീ.. ഈ ഓൺലൈൻ ക്ലാസ്സുകൾ നിന്റെ ഉന്മേഷമെല്ലാം കളഞ്ഞു. മൊബൈൽ ഗെയിം കളിച്ച് നിന്റെ ഉറക്കംപോലും ശരിയാകുന്നില്ല എന്നു ഞാൻ കാണുന്നുണ്ട്". മനു ഒന്നും മിണ്ടിയില്ല. അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം

അപ്പച്ചൻ ചോദിച്ചു: 'മാമ്പഴമെല്ലാം താഴെവീണതെങ്ങനാ? "കാറ്റു വീശിയപ്പോൾ". അവർ ഉത്തരം നല്കി. "ശരിയാണ്. കാറ്റാണ് മാമ്പഴത്തെ താഴെ വീഴിച്ച് നിങ്ങൾക്കു കളിക്കാനായി എത്തിച്ചു തന്നത്". ഇതുപോലെ നമ്മിലുള്ള ഉന്മേഷക്കുറവും പേടിയും ഒക്കെ മാറ്റി നമ്മിലുള്ള നന്മകളെ മറ്റുള്ളവർക്ക് ഉപകാരപ്പെടുത്താൻ സഹായിക്കുന്ന ഒരു കാറ്റുണ്ട്. അതെന്താണെന്നറിയാമോ? 'പരിശുദ്ധാത്മാവല്ലേ അപ്പച്ചാ"? അതേ.... അപ്പച്ചൻ പറഞ്ഞു. മനുക്കുട്ടാ ഇനി പന്തക്കുസ്തായ്ക്ക് പത്തു ദിവസമേ ഉള്ളൂ. ഈ ദിവസങ്ങളിൽ നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവ് നിന്റെ അസ്വസ്ഥതകളൊക്കെ മാറ്റിത്തരും. അപ്പച്ചൻ മനുക്കുട്ടന്റെ നെറുകയിൽ ചുംബിച്ചു.

ഭയചകിതരായി നിരുന്മേഷരായി കതകടച്ചിരുന്ന ശിഷ്യന്മാരെ തങ്ങളുടെ ഗുരുവിനുവേണ്ടി മരിക്കാൻവരെ ഒരുക്കിയ പരിശുദ്ധാത്മാവാകുന്ന നിത്യസഹായകന്റെ പ്രവർത്തനങ്ങളെ ധ്യാനിക്കുന്ന ശ്ലീഹാക്കാലം സമാഗതമായിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ആഗമനം വെറും മുക്കുവരായിരുന്ന അവരെ മനുഷ്യരെ പിടിക്കുന്നവരാക്കി; വലിയ വിദ്യാഭ്യാസമൊന്നുമില്ലാതിരുന്ന അവരുടെ വാഗ്‌വിലാസത്താൽ ജനതകൾ അത്ഭുതപരതന്ത്രരായി; ഗലീലിയിലും പരിസരപ്രദേശത്തും മാത്രമായി ഒതുങ്ങിക്കൂടിയിരുന്നവർ ലോകത്തിന്റെ അങ്ങേയറ്റംവരെ സുവിശേഷവുമായി പോയി. തങ്ങളുടെ ഗുരു പിടിക്കപ്പെട്ടപ്പോൾ പ്രാണരക്ഷാർത്ഥം ഓടിയൊളിച്ചവർ ധൈര്യപൂർവം വാളിനു മുമ്പിലേക്ക് ശിരസ്സ് നീട്ടികൊടുത്തു. വാക്ചാതുര്യം ഒട്ടും ഇല്ലാതിരുന്ന അവർ എതിരാളികളുടെ വാക്ശരങ്ങളെ നിശബ്ദമാക്കി. തങ്ങളുടെ ഗുരുവിന്റെ മുറവേറ്റ ശരീരം കണ്ട് ഭയന്നുപോയവർ, മുറിവേൽപ്പിക്കപ്പെട്ട ശരീരങ്ങളുമായി ദൈവത്തെ പാടിസ്തുതിച്ചു. ഒന്നുമല്ലാതിരുന്ന അവരുടെ ജീവിതങ്ങൾ പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രചോദനത്താൽ ഫലസമൃദ്ധങ്ങളായി മാറി.

ഇന്ന് നാമും ലോകം മുഴുവനും ഭയപ്പെട്ടും മരണത്തിന്റെ നിഴലിലും വീട്ടിൽ അടയ്ക്കപ്പെട്ട അവസ്ഥയിലൂടെയും കടന്നുപോവുകയാണ്. തീക്ഷ്ണമായി പ്രാർത്ഥിക്കാം നമുക്ക്... ഈശോ വാഗ്ദാനം ചെയ്ത നിത്യസഹായകനോട്. കാത്തിരിക്കാം നമുക്ക്... അവിടുന്ന് നമ്മെ ശക്തിപ്പെടുത്തും, സുഖപ്പെടുത്തും, മരണഭീതിയിൽ നിന്നും രക്ഷിക്കും, സഹനങ്ങളെ രക്ഷാകരങ്ങളാക്കും. അങ്ങനെ നമ്മിലും ലോകം മുഴുവനിലും ഒരു പുതിയ പന്തക്കുസ്താ അനുഭവം സംജാതമാവുകയും ചെയ്യും.

"നമുക്ക് അസാദ്ധ്യമെന്നും ബുദ്ധിമുട്ടുള്ളതെന്നും തോന്നുന്ന പദ്ധതികളെക്കുറിച്ച് നിരാശരാകാതെ ഇന്നു നാം എന്തിനുവേണ്ടി പ്രവർത്തിക്കുന്നുവോ, എന്തിനുവേണ്ടി സഹിക്കുന്നുവോ അത് നാളെ യാഥാർത്ഥ്യമായി തീരുമെന്ന് ഉറച്ചു വിശ്വസിക്കുക".

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ





# ജനിക്കട്ടെ നമ്മിൽ ആനന്ദം

മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"ജീവിതത്തെക്കുറിച്ചുള്ള പോസിറ്റീവ് ആയ സങ്കൽപത്തിന്റെ ബാഹ്യപ്രകാശനമാണ് സന്തോഷം" (ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ)*

**എ**പ്പോഴും പ്രസന്നവദനരായി കാണപ്പെടുകയും സന്തോഷിക്കുകയും ചെയ്യുന്ന ചില ആളുകളുണ്ട്. ജീവിതത്തിന്റെ ഏതവസരത്തിലും സമചിത്തരായി തികഞ്ഞ സന്തോഷത്തോടെ നിലകൊള്ളുവാൻ ഇവർക്ക് നന്നായി അറിയാം. ഇതെങ്ങനെ സാധിക്കുന്നു എന്ന് ചിലപ്പോഴെങ്കിലും അതിശയത്തോടെ ഓർക്കാറുണ്ട്. അവരെപ്പോലുള്ളവരുടെ സാമീപ്യവും സൗഹൃദവും നമുക്കിഷ്ടമാണ്. അതു നഷ്ടപ്പെടാതിരിക്കുവാനും അവരുമായുള്ള ബന്ധം കാത്തുസൂക്ഷിക്കുവാനും നാം ശ്രദ്ധിക്കുകയും ചെയ്യും.

എല്ലാവരേയും സന്തോഷിപ്പിക്കുവാനും നർമ്മഭാവത്തോടെ എല്ലാറ്റിനേയും സ്വീകരിക്കുവാനും ചിലർക്ക് എങ്ങനെ സാധിക്കുന്നു എന്നു നാം ചിന്തിച്ചിട്ടുണ്ടോ? അവരും നമ്മെപ്പോലെ തന്നെ ജീവിത യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നവരാണ് എന്ന ബോധ്യത്തോടെ നമ്മെത്തന്നെ ഒന്നു വിശകലനം ചെയ്താൽ നമ്മുടെ പല സംശയങ്ങൾക്കും ഉത്തരം കണ്ടെത്താൻ സാധിക്കും. വളരെ ഉന്മേഷവാന്മാരും സന്തോഷവാന്മാരുമായി കാണപ്പെടുന്ന വ്യക്തികൾ പ്രശ്നങ്ങളില്ലാത്തവരോ, ആകുലതകളില്ലാത്തവരോ ദുഃഖപൂർണ്ണമായ സാഹചര്യങ്ങളെ നേരിട്ടിട്ടില്ലാത്തവരോ ആയ അസാധാരണ മനുഷ്യരല്ല എന്നു നാം ഓർക്കേണ്ടതുണ്ട്. അത്തരം അനുഭവങ്ങളെ സമചിത്തതയോടെ ദൈവകരങ്ങളിൽനിന്നും സ്വീകരിച്ചുകൊണ്ട് ജീവിതത്തെക്കുറിച്ച് നല്ല കാഴ്ചപ്പാടുകളും മനോഹരമായ സ്വപ്നങ്ങളും സൂക്ഷിക്കുവാൻ ഇവർക്കു സാധിക്കുന്നു എന്നു മാത്രമല്ല, ദൈവത്തിലാശ്രയിച്ചുകൊണ്ട് ശുഭപ്രതീക്ഷയോടെ അവ പ്രായോഗികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതാണ് അവരുടെ വിജയത്തിന്റെ രഹസ്യം.

ജീവിതത്തിൽ സംഭവിക്കുന്നതും സംഭവിക്കാനിരിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ചുള്ള അമിതമായ ഉത്കണ്ഠകളും അശുഭ ചിന്തകളുമെല്ലാം മനുഷ്യനെ ഇന്ന് ഏറെ അലട്ടുന്നുണ്ട്. ശുഭാപ്തി വിശ്വാസമാണ് നമുക്കാവശ്യം. എല്ലാ ജീവിതാനുഭവങ്ങളും ദൈവത്തിന്റെ സ്നേഹത്തിലും അവിടുത്തെ പരിപാലനയിലുംനിന്നു സംഭവിക്കുന്നതാണെന്ന ഉത്തമബോധ്യമാണ്, വിശ്വാസമാണ് ജീവിതത്തെ സമാധാനത്തിൽ നിലനിർത്തുന്ന ഘടകം.

"ദൈവം അറിയാതെ ഒരു മുടിയിഴപോലും താഴെ വീഴില്ലെന്ന" ഉറച്ച വിശ്വാസമുണ്ടെങ്കിൽ പിന്നെ ഭയത്തിനു സ്ഥാനമില്ലല്ലോ. "സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു" എന്ന് വി. യോഹന്നാൻ പറയുന്നു (1 യോഹ 4,18). ദൈവത്തിന്റെ സ്നേഹത്തിലുള്ള അടിയുറച്ച വിശ്വാസമില്ലായ്മയാണ് ഭയത്തിനും അതുവഴി സന്തോഷം നഷ്ടപ്പെടുന്നതിനും കാരണമാകുന്നത്. ജീവിതത്തെ ഭയപ്പാടോടെ നോക്കിക്കാണുമ്പോൾ എങ്ങനെയാണ് സന്തോഷിക്കാൻ സാധിക്കുക? ദൈവത്തിന്റെ പരിപാലനയ്ക്ക് അനന്തതയോളം അപാരതയുണ്ട്. ഓരോ ദിവസവും അവിടുന്നു നല്കുന്ന കൃപകളെ ധ്യാനിക്കുന്നപക്ഷം സന്തോഷിക്കാനല്ലാതെ മറ്റെന്തിനാണ് നമുക്കാവുക?

എല്ലാവർക്കും ഒരേ ജീവിതാവസ്ഥയല്ല എന്നതു വ്യക്തമാണ്. എന്നാൽ നിഷേധാത്മകമായ ചിന്തകളും നിലപാടുകളും സ്വീകരിക്കാതെ ഏതു പരിതോവസ്ഥകളിലും പോസിറ്റീവ് ആയി ചിന്തിക്കാനും പ്രവർത്തിക്കാനും സാധിക്കുമ്പോഴാണ് ഹൃദയത്തിൽ സമാധാനവും ജീവിതത്തിൽ സന്തോഷവും നിലനിർത്താനാവുക. ദൈവം തന്റെ കരുതലിന്റെ, സ്നേഹത്തിന്റെ കരങ്ങൾ നമ്മിൽനിന്നും ഒരിക്കലും പിൻവലിക്കുകയില്ല എന്ന അടിയുറച്ച വിശ്വാസമാണ് നമുക്കുണ്ടാകേണ്ടത്.


സന്തോഷപ്രകൃതിയുള്ളവർ പൊതുവേ സമാധാനപ്രിയരാണ്; മറ്റുള്ളവരെ ആദരിക്കുന്നവരും അവരുടെ അഭിപ്രായങ്ങളെ മാനിക്കുന്നവരുമാണ്. തങ്ങളുടെ സന്തോഷത്തിൽ മറ്റുള്ളവരെ ഉൾച്ചേർക്കുന്നവരും ദൈവത്തിൽനിന്നും ദാനമായി തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളെ ആവശ്യമുള്ളവർക്കു പങ്കുവയ്ക്കുന്നതിൽ ഉത്സാഹമുള്ളവരുമാണിവർ. കുടുംബത്തിലും സമൂഹത്തിലും സമർപ്പണത്തിന്റെയും സ്വയംദാനത്തിന്റെയും ശൈലി സ്വീകരിക്കുവാൻ സന്തോഷമുള്ള വ്യക്തികൾക്കു സാധിക്കുന്നു. വി. പൗലോസ്ശ്ലീഹാ പറയുന്നതു കേൾക്കുക: "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ" (ഫിലി 4,4).. അതുകൊണ്ട് ക്രൈസ്തവർ എന്ന നിലയിൽ എപ്പോഴും സന്തോഷത്തോടെ മറ്റുള്ളവർക്കു നന്മ ചെയ്യുന്നവരും നമ്മെ സമീപിക്കുന്നവർക്കും നാം കണ്ടുമുട്ടുന്നവർക്കും ഈശോയുടെ സ്നേഹം നമ്മിൽ നിലനിൽക്കുന്നതിലുള്ള സന്തോഷം പകരുന്ന വ്യക്തികളുമായി നമുക്കു മാറാം.

"നാം യഥാർത്ഥത്തിൽ ഈശോയിൽ വിശ്വസിക്കുന്നവരും നമ്മുടെ സന്തോഷം അവനിൽ കണ്ടെത്തിയവരുമാണെങ്കിൽ ആ സന്തോഷം മറ്റുള്ളവർക്ക് പ്രസരിപ്പിക്കുന്നവരുമാകണം. നമ്മുടെ ജീവിതം ഒരു ശല്യമോ ഭാരമോ ആകരുത്. പ്രത്യുത, സന്തോഷവും അനുഗ്രഹവുമാകണം".

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ



# ദൈവസ്നേഹത്തിന്റെ ദാസൻ



ദൈവസ്നേഹത്തിന്റെ ദാസനായ്തീർന്നൊരു
ദൈവദാസൻ വില്യം ജക്വീന്താ താതനേ
നിന്നിലുദിച്ചൊരു നിസ്തുല കാരിസം
ജീവിതമാക്കി നീ ദൈവഹിതംപോലെ

സ്നേഹത്താൽ ജന്മമെടുത്തതുപോലെന്നും
സ്നേഹത്തിൽ ജീവിതം ഊട്ടിയുറപ്പിച്ചു
സ്നേഹക്കുറവിന്റെ വിങ്ങലും ഭാരവും
തീർക്കുവാനേറെ പണിപ്പെട്ടു പ്രാർത്ഥിച്ചു

കാൽവരിക്കുന്നിലെ ആർത്തനാദംകേട്ട്
ആത്മാക്കൾക്കായുള്ള ദാഹം നിൻദാഹമായ്
ആജീവനാന്തം പണിപ്പെട്ടുണർവോടെ
ആത്മാഭിഷേകത്തിൽ ഉജ്ജ്വലിച്ചന്നു നീ

കുമ്പസാരക്കൂട് മാർഗ്ഗമായ് കണ്ടന്ന്
കൂടുതൽ മക്കളെ ദൈവത്തിനായ് നേടി
വിസ്മയമേറെ വിനയമനസ്സുകൾ
സ്നേഹത്തിൻ വിപ്ലവകാഹളം കേട്ടല്ലോ

ജീവിതലക്ഷ്യമായ് സ്നേഹക്കൂട്ടായ്മയെ
ജീവിച്ചു സാക്ഷ്യമായ് തീരുവാൻ യത്നിച്ചു
സഭയുടെ വിശ്വസ്തസാക്ഷിയായ് നീന്തിയും
സർവ്വസാഹോദര്യ പ്രവാചകനായ് നീ

എന്നും പ്രസക്തമാം കാരിസം നിധിപോലെ
കാത്തു വീരോചിതമായി ജീവിച്ചല്ലോ
നിന്നടുത്തൂടെ ചരിക്കും മനുഷ്യരെ
നിൻ സോദരങ്ങളായ് കണ്ട് കരുതണം

പുഞ്ചിരി നല്കിടൂ വീണ്ടും തുടങ്ങീടൂ
പുതുസ്നേഹം പൂത്തുവിരിയട്ടെ ഹൃത്തതിൽ
നീയാം ശവകുടീരത്തിൽ മുളച്ചീടും
പരസ്നേഹമാകും ചെടിയത് പൂത്തിടും

എല്ലാം നീ കാണണം ഏറെ മറക്കണം
എന്നും പ്രതീക്ഷ വിതയ്ക്കണം ഭൂതലെ
സഭയിൽ നിൻവിളിയത് വിശുദ്ധിയിലേക്കെന്ന്
സാദരം സോദരർക്കോർമ്മ കൊടുക്കണം

സത്യവും സ്നേഹവും കൈമുതലാക്കണം
ശാന്തിസമാധാനം പൂത്തു വിരിഞ്ഞിടും
നിന്നുടെ ജീവിതമെന്നും വിശുദ്ധിതൻ
നിസ്തുലദാനഫലങ്ങൾ പകരണം

സഭയോടുചേർന്നു ചരിച്ചുനിൻ ജീവിതം
സ്വർഗ്ഗവസതിയിലെത്തും സുനിശ്ചിതം
എളിമയും വിനയവും ശാന്തപ്രകൃതിയും
എന്നും വിജയമരുളുന്ന മാർഗ്ഗങ്ങൾ

എല്ലാരും സോദരരെല്ലാവരും വിശുദ്ധർ
എന്നത് സത്യമായുൾക്കൊണ്ടു ജീവിച്ചു
ശ്രേഷ്ഠത തിങ്ങി വിളങ്ങി ജീവിച്ചൊരു
ശ്രേഷ്ഠനാം താതാ നമിക്കുന്നു സാദരം

**അനിത ആത്രശ്ശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**




**സാബി കോഴിക്കോട്**

**കോ**വിഡ് കാലമല്ലേ... എല്ലാവരും വീട്ടിൽത്തന്നെയുണ്ട്. നഷ്ടപ്പെട്ടുപോയ ആത്മീയതയൊക്കെ തിരിച്ചുപിടിക്കണം. സെലീനാമ്മ മനസ്സിൽ കുറിച്ചിട്ടു. ഓരോ തവണ ധ്യാനം കൂടാൻ ആവശ്യപ്പെടുമ്പോഴും ജോസുകുട്ടിക്ക് തിരക്കോടുതിരക്കാണ്... ജോലികൾ, മീറ്റിംഗുകൾ, യാത്രകൾ... എന്നുവേണ്ട ഈ ഭൂമിയുടെ ഭ്രമണം നിയന്ത്രിക്കുന്നതുപോലും താൻ ഒറ്റ ഒരാളുടെ മിടുക്കുകൊണ്ടാണെന്നാ അയാളുടെ ധാരണ... എന്തായാലും എല്ലാവർക്കും ഇഷ്ടപ്പെട്ട ഭക്ഷണമൊക്കെ ഒരുക്കി വളരെ സൂത്രത്തിൽ, അനുഗ്രഹം അടിച്ചെടുത്ത യാക്കോബിന്റെ തന്മയത്വത്തോടെ, സെലിനാമ്മ കാര്യം അവതരിപ്പിച്ചു. രക്ഷപെടാനുള്ള എല്ലാ പഴുതുകളും അടഞ്ഞുപോയതിനാൽ ജോസുകുട്ടിക്കും മക്കൾക്കും അവളുടെ ആഗ്രഹത്തിനുമുമ്പിൽ തോറ്റു കൊടുക്കേണ്ടിവന്നു. അങ്ങനെ ജീവിതത്തിലാദ്യമായി ആ കുടുംബം ഒന്നിച്ചിരുന്ന് നാലു ദിവസത്തെ ഓൺലൈൻ ധ്യാനം കൂടി. മനസ്സില്ലാമനസ്സോടെയാണ് പങ്കെടുത്തതെങ്കിലും എല്ലാവർക്കും അത് ഒരു പുത്തനുണർവ്വിനു കാരണമായി.

ധ്യാനം കഴിഞ്ഞു. ഇനിയാണ് നവീകരണം നടക്കേണ്ടത്. കുടുംബപ്രാർത്ഥനയിൽനിന്നു തന്നെ തുടങ്ങാം. കൃത്യസമയത്ത് പ്രാർത്ഥിക്കണമെന്ന് ഏകകണ്ഠേന തീരുമാനവുമായി. പള്ളിയിൽ സന്ധ്യാമണി മുഴങ്ങി. ജോസുകുട്ടിയും മക്കളും പായ വിരിച്ച് പ്രാർത്ഥന ആരംഭിച്ചു. ജപമാലയുടെ നാലു രഹസ്യം പൂർത്തിയാക്കിയിട്ടും സെലീനാമ്മയെ കാണുന്നില്ല. പ്രാർത്ഥന വേഗം പൂർത്തിയാക്കി പുറത്തിറങ്ങുമ്പോൾ സ്റ്റെപ്പിനുതാഴെ ചുരുണ്ടുകൂടി ദേ, കിടക്കുന്നു സെലീനാമ്മ!

കഥ ഇങ്ങനെ - കുടുംബപ്രാർത്ഥനയിൽ ഒന്നാമതെത്തുവാൻ ജോലികളെല്ലാം തീർത്ത് കുളിക്കുവാൻ പോയതാണ് സെലീനാമ്മ. എന്നാൽ തന്റെ സന്തതസഹചാരിയായ റബർചെരുപ്പ് പണി പറ്റിച്ചു. കുളി കഴിഞ്ഞിറങ്ങിയതിനാൽ അല്പം നനവുണ്ടായിരുന്നു. രണ്ടാം നില

യിൽനിന്നു താഴേക്കുള്ള ഒരു സ്റ്റെപ്പിൽ കാലുവച്ചതേ സെലീനാമ്മയ്ക്ക് ഓർമ്മയുള്ളൂ. ബാക്കി സ്റ്റെപ്പുകളെല്ലാം അവൾക്കായി വഴിമാറിക്കൊടുത്തു! ദൈവാനുഗ്രഹംകൊണ്ട് മറ്റു കുഴപ്പമൊന്നും സംഭവിച്ചില്ല. പക്ഷേ, കാലിലെ കുഴ ഒന്നു തെന്നിമാറി. എന്നാലും അവൾക്കു സങ്കടമൊന്നുമില്ല. കാരണം ജോസുകുട്ടിയും മക്കളും ഒരുമിച്ചിരുന്നു പ്രാർത്ഥിച്ചല്ലോ!

ജീവിതമിങ്ങനെയാ. എത്ര നല്ല കാര്യങ്ങൾക്കുവേണ്ടിയാണെങ്കിലും നാം വയ്ക്കുന്ന ആദ്യ ചുവടുകൾ പിഴച്ചുപോയാൽ ജീവിതംതന്നെ വഴിമാറിപ്പോകും. മാതാപിതാക്കളുടെ ശ്രദ്ധയോടുകൂടിയുള്ള 'ചുവടുവയ്പ്' ഓരോ കുടുംബത്തിന്റെയും അടിത്തറയാണ്. അതിന് പ്രാർത്ഥനയുടെ പിൻബലവുംകൂടിയുണ്ടെങ്കിൽ എത്ര കാറ്റടിച്ചാലും ഭൂകമ്പമുണ്ടായാലും പാറമേൽ പണിത ഭവനംപോലെ അതങ്ങനെ ഉറച്ചുനില്ക്കും. മാതാപിതാക്കൾമാത്രം പ്രാർത്ഥിച്ചാൽപോരാ. മക്കളും അതിൽ ഹൃദയപൂർവ്വം പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ഒരുപക്ഷേ, വ്യത്യസ്തരായ ശിഷ്യഗണത്തെ ചേർത്തുനിർത്തുവാൻ കർത്താവിനു കഴിഞ്ഞത് ഈ ഒരുമിച്ചുള്ള പ്രാർത്ഥനയുടെ പിൻബലത്താൽ മാത്രമാണ്.

ശ്രദ്ധ പതറാത്ത ചുവടുകൾക്ക് ശ്രദ്ധയുള്ള കണ്ണുകൾ അത്യന്താപേക്ഷിതമാണ്. അവയ്ക്ക് ജീവിതത്തിന്റെ താളപ്പിഴകളെ തിരിച്ചറിയുവാനും യഥാർത്ഥ താളത്തിലേക്ക് തിരികെയെത്തിക്കുവാനും കഴിയും. അതൊരുപക്ഷേ സത്യസന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിലൂടെയോ ഉറച്ച ബോദ്ധ്യങ്ങൾ നട്ടെല്ലോടെ സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുന്നതിലൂടെയോ തിന്മയുടെ മധ്യത്തിലും നന്മയ്ക്കുവേണ്ടി നിലകൊള്ളുന്നതിലൂടെയോ ഒക്കെ പ്രകടമാവുകയും ചെയ്യും. അപരന്റെ കുഞ്ഞു നൊമ്പരങ്ങളെ കാണാനായാൽ പാതി പ്രശ്നങ്ങൾ ഉരുകി ഇല്ലാതാകും.

ശ്രദ്ധയോടെയുള്ള ചുവടുകൾക്ക് പ്രാർത്ഥനമാത്രംപോരാ, ഇടർച്ചകൾ വരുത്താത്ത സംഭാഷണശൈലി സ്വന്തമാക്കണം. കുടുംബത്തിൽ ഓരോരുത്തരെയും മനസ്സിലാക്കി, തുറന്നു സംഭാഷിക്കുക. സ്നേഹമുള്ളവർക്കിടയിൽ ഒളിക്കാൻ എന്തിരിക്കുന്നു? ലോകകാര്യങ്ങൾ അറിയുക നല്ലതുതന്നെ. എന്നാൽ എപ്പോഴും അന്താരാഷ്ട്രീയവും രാഷ്ട്രീയവും കാലാവസ്ഥയുംമാത്രം സംസാരവിഷയമാക്കിയാൽ കുടുംബത്തിലെ വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾ അവർ എവിടെപോയി പറയും? ഇടയ്ക്കൊക്കെ വേണമെന്നേ ഈ കൂടിയിരുപ്പും കൊച്ചുവർത്തമാനവുമൊക്കെ... നമ്മുടെ ആദ്യലോകം നമ്മുടെ കുടുംബമാണ്. അവിടം നന്നായാൽ ഈ ലോകത്തെ മുഴുവൻ നന്നാക്കുവാൻ തീർച്ചയായും നമുക്കു കഴിയും.

അത്യുന്നതന്റെ സംരക്ഷണത്തിൽ നിന്നുകൊണ്ട് നമുക്കാരംഭിക്കാം. നമ്മുടെയും ലോകത്തിന്റെയും പുതുജീവിതം...

"പരിശുദ്ധ ത്രിത്വമാകുന്ന ഉറവിടത്തിൽ കണ്ടെത്തുന്ന 'പരസ്പരം ദാനമാകുന്ന' സ്നേഹമാണ് കുടുംബാംഗങ്ങൾ പ്രാവർത്തികമാക്കേണ്ടത്. നമുക്കു ചുറ്റുമുള്ളവർക്ക് സമാധാനത്തിന്റെയും ശാന്തതയുടെതുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ നമുക്കു സാധിക്കണം".

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ





# ആത്മാവ് വന്നാൽ അങ്ങനെയാ


**ഡോ. സി. അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**വി**ശ്വപ്രസിദ്ധ തത്ത്വചിന്തകനായ കീർക്കെഗാർഡ് "അനിശ്ചിതത്വത്തിലേക്കുള്ള എടുത്തുചാട്ടം" എന്നാണ് വിശ്വാസത്തെ നിർവചിക്കുന്നത്. എന്നാൽ നൂറ്റാണ്ടുകൾക്കു മുമ്പേ ഉറപ്പുള്ള ബോധ്യമായി വിശ്വാസത്തെ ഏറ്റുപറഞ്ഞവരാണ് ശ്ലീഹന്മാർ. അവരുടെ എടുത്തുചാട്ടങ്ങൾ അനിശ്ചിതത്വത്തിലേക്ക് ആയിരുന്നില്ലയെന്ന് ഇന്നും ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഉപേക്ഷിച്ചവ ആകർഷണങ്ങളായി മാറിയ പ്രലോഭനവഴികളിൽ അവർക്ക് കാലിടറി പോയിയെന്നത് സത്യമാണ്. എന്നാൽ ആത്മശക്തി അഗ്നിനാവുകളായി പെയ്തിറങ്ങിയ സെഹിയോൻശാല മുതൽ അവർ തിരിഞ്ഞുനോക്കിയിട്ടേയില്ല. പിറന്ന നാടിന്റെ സുരക്ഷിതത്വവും ബന്ധങ്ങളുടെ കരുതലും വിട്ട് ലോകത്തിന്റെ അതിർത്തികളോളം സുവിശേഷം പേറി നടന്ന ശ്ലീഹന്മാരോളം വലിയ ആത്മീയ വിപ്ലവമൊന്നും മറ്റാരും കാട്ടിയിട്ടുമില്ല. ശ്ലീഹാക്കാലം, ത്യാഗോജ്വലമായ ഈ വിശുദ്ധ തുടക്കത്തിന്റെ ഓർമ്മപുതുക്കലും ആഘോഷവുമാണ്. യുഗാന്ത്യംവരെ കൂടെയുണ്ടാകുമെന്ന് ഉറപ്പു നല്കിയവൻ അടയാളങ്ങൾ കൊണ്ട് ശ്ലൈഹികവചനങ്ങൾ സ്ഥിരീകരിക്കുന്നതിന്റെ സാക്ഷ്യപ്പെടുത്തലാണത്. മരണഭയം വീർപ്പുമുട്ടിച്ച അടച്ചിട്ട മുറിയിൽനിന്ന് രക്തസാക്ഷിത്വത്തിന്റെ വളക്കൂറുള്ള മണ്ണിലേക്ക് സഭ സധൈര്യം വളർന്നു പന്തലിക്കുന്നതിന്റെ നേർക്കാഴ്ച്ചയും.

അതിശയിപ്പിക്കുന്ന ആത്മീയ ശക്തയിലേക്ക് ശ്ലീഹന്മാർ പരിവർത്തനപ്പെടുന്നതാണ് ആദിമ സഭയിലെ ഏറ്റവും വലിയ അത്ഭുതം. വെറുമൊരു പരിചാരികയ്ക്ക് മുമ്പിൽ പോലും അസ്തിത്വം മറന്ന പത്രോസ് കുരിശിൽ നാഥനോട് സമരസപ്പെടുന്നിടത്തോളം വളരുന്നതിലെ മാസ്മരികത സാമാന്യബുദ്ധിക്കു നിരക്കുന്നതല്ലല്ലോ. കണ്ടു വിശ്വസിക്കുവാൻ വാശി പിടിച്ച തോമാ ഏറ്റം ദുർഘടം പിടിച്ച യാത്രയ്ക്ക് കപ്പൽ കയറിയപ്പോൾ ആത്മാവ് സമ്മാനിച്ച വിശ്വാസവെളിച്ചമല്ലാതെ മറ്റെന്തു വിശദീകരണം അതിനു നല്കാനാകും! സഭാപീഡനത്തിന്റെ കർക്കശ്യ വഴിയിൽനിന്ന് സഭയുടെ വിശ്വസ്ത പടയാളിയുടെ ശ്ലൈഹിക വഴിയിലേക്ക് പൗലോസ് ചുവടുമാറ്റി ചവിട്ടിയത് ഒരു നിമിഷാർദ്ധത്തിന്റെ ചടുലതയിലാണ്. മിശിഹായ്ക്കുവേണ്ടി പീഡ സഹിക്കുവാൻ കഴിഞ്ഞതിൽ ആനന്ദ നൃത്തം ചവിട്ടുന്ന ശ്ലൈഹികദർശനം കുരിശിന്റെ വഴിയിൽനിന്ന് ഉടുതുണിപോലും ഉപേക്ഷിച്ച് ജീവരക്ഷാർത്ഥമുള്ള നെട്ടോട്ടവുമായി എങ്ങനെ സമരസപ്പെ

ടുത്താൻ കഴിയും. ശ്ലീഹാക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരൊറ്റ കാര്യ മാത്രം “ആത്മാവ് വന്നാൽ അങ്ങനെയാ”.

ആത്മാവിന്റെ വരദാനഫലങ്ങൾ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന വിശുദ്ധ ജീവിതങ്ങളിലൂടെ ഉറപ്പു നൽകുന്നത് ശ്ലീഹാക്കാലത്തിന്റെ കലർപ്പില്ലാത്ത തുടർച്ചയാണ്. ലോകത്തിലായിരിക്കുമ്പോഴും ലോകത്തിന്റേതല്ലാതെ ജീവിച്ചു കടന്നുപോയ ലക്ഷക്കണക്കിന് വിശുദ്ധ ജീവിതങ്ങൾ സഭയുടെ ഈ അതിസ്വാഭാവികതയുടെ ദൈവിക ഉറപ്പാണ്.

ഈ ദൈവിക ഉറപ്പിന്റെ ഉത്തമ ദൃഷ്ടാന്തമായി ദൈവദാസൻ ബിഷപ്പ് വില്യം ജക്വീന്തായെ ഓർമ്മിക്കുന്നു. ദൈവസ്നേഹം മനുഷ്യഹൃദയങ്ങളിൽ നിന്ന് വഴുതിപ്പോകുകയും ശത്രുദൃഷ്ട്യാ സഹോദരങ്ങളെ കൈകാര്യം ചെയ്യുകയും ചെയ്യുന്ന ഒരു ഭീകരതയുടെ യുദ്ധഭൂമിയിൽനിന്നും വിടർന്നുവന്ന പരമാവധി സ്നേഹത്തിന്റെ പ്രേഷിതനാണീ പുണ്യവരൻ. പരസ്നേഹത്തിന്റെ മാസ്മരികതകൊണ്ട് ലോകത്തിന്റെ മനംകവർന്ന ആദിസഭയുടെ ചൈതന്യത്തിലേക്ക് തിരികെ കൊണ്ടുപോകുന്നതാണ് അദ്ദേഹത്തിന്റെ ആത്മദർശനങ്ങളെല്ലാം. ദൈവം പിതാവും, സഭ അമ്മയും, ഓരോ മനുഷ്യവ്യക്തിയും സഹോദരങ്ങളുമായ ഒരു പുതുലോകത്തിന്റെ സൃഷ്ടിക്കായി അദ്ദേഹം തന്റെ ജീവിതംകൊണ്ട് വിത്തുകൾ പാകി. ഈ വിത്തിനെ വളർത്താൻ പരമാവധി സ്നേഹത്തിന്റെ പ്രേഷിത കുടുംബത്തിന് രൂപഭാവങ്ങൾ നല്കി. സഭയെ സ്നേഹിക്കുക, സഭയെ അനുസരിക്കുക, സഭയുടെ രഹസ്യാത്മകതയും വിശുദ്ധിയും ജീവൻ കൊടുത്തും സംരക്ഷിക്കുക, സഭയ്ക്ക് അഭിമാനം ഉയർത്തുന്ന മകളായിരിക്കുക, മകനായിരിക്കുക ഇവയായിരുന്നു ജീവിതംകൊണ്ട് അദ്ദേഹം പഠിപ്പിച്ച പാഠങ്ങൾ.

ലോകമെങ്ങും സുവിശേഷത്തിന്റെ വിത്തുകൾ പാകിയ ശ്ലീഹന്മാരുടെയും അവരെ അനുകരിച്ച വിശുദ്ധരുടേയും പാതയിതാ നമ്മുടെ മുമ്പിലും! അവർ സ്വീകരിച്ച അതേ പരിശുദ്ധാത്മ ശക്തി നമ്മിലും കുടികൊള്ളുന്നു. സാക്ഷ്യത്തിന്റെ അഗ്നിയാകാൻ തയ്യാറാണോ? അവരെപ്പോലെ സഹനങ്ങളെ വരിക്കാം. നമ്മിൽ കുടികൊള്ളുന്ന ദൈവിക ശക്തിയുടേയും വിശുദ്ധിയുടേയും ആത്മാവിനെ കത്തിജ്വലിപ്പിക്കാൻ വിശുദ്ധ കുർബാനയിൽ നിന്നും ശക്തി സ്വീകരിക്കാം. വിശുദ്ധീകരിക്കുന്ന തീക്കട്ട നമ്മിൽ വിശുദ്ധിയുടെ ചൂട് നല്കട്ടെ.

“പരിശുദ്ധാരൂപി സ്നേഹത്തിന്റെ അരൂപിയാണ്. ഈ അരൂപി നമ്മുടെ ഉള്ളിൽ വസിച്ച് നമ്മെ ശുദ്ധീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാരൂപിയുടെ ശക്തിയാൽ ഓരോരുത്തരും തങ്ങളുടെ സ്നേഹത്തിൽ സഹോദരനെ ഭാഗഭാക്കാക്കുക. അങ്ങനെ സ്നേഹരാജ്യം യാഥാർത്ഥ്യമാക്കുക”.

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ





# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

പ്രിൻസി മൈലാടിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**
ഈശോയുടെ മരണത്തിനുശേഷം ഭയവിഹ്വലരായി ജീവിച്ച ശിഷ്യന്മാരെ ശക്തിപ്പെടുത്തിയ, സെഹിയോൻ മാളികയിൽ അവർക്കൊപ്പം പ്രാർത്ഥനാനിരതയായിരുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.
പരിശുദ്ധ അമ്മേ, മാതാവേ, ജീവിതത്തിലെ ഭയാനുഭവങ്ങളിൽ ഞങ്ങളുടെ ചാരേ വന്ന് ഞങ്ങൾക്കു കൂട്ടായിരിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**
പന്തക്കുസ്താ തിരുനാളിൽ പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്ന് സുവിശേഷം സധൈര്യം പ്രഘോഷിക്കാൻ അവരെ ശക്തിപ്പെടുത്തിയത് നമുക്കു ധ്യാനിക്കാം.
പരിശുദ്ധ അമ്മേ, മാതാവേ, ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഈശോയ്ക്കു സാക്ഷ്യംവഹിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**
പരിശുദ്ധാത്മാവായ ദൈവം അവിടുത്തെ വരദാനഫലങ്ങളിലൂടെയും കൂദാശകളിലൂടെയും ദൈവികജീവൻ പ്രദാനം ചെയ്ത് വിശുദ്ധിയിൽ വളരാൻ സഭാതനയരെ ശക്തരാക്കുന്നത് നമുക്കു ധ്യാനിക്കാം.
പരിശുദ്ധ അമ്മേ, മാതാവേ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോടു സഹകരിച്ച് വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


**നാലാം ദിവ്യരഹസ്യം:**
പരിശുദ്ധാത്മാവ് തന്റെ സജീവമായ സാന്നിദ്ധ്യത്താൽ തിരുസ്സഭയെയും തിരുസ്സഭാമക്കളെയും പരിപാലിക്കുന്നത് നമുക്കു ധ്യാനിക്കാം.
പരിശുദ്ധ അമ്മേ, മാതാവേ, തിരുസ്സഭാ തനയരായ ഞങ്ങൾ സഭയുടെ യഥാർത്ഥ ചൈതന്യത്തിൽ ജീവിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**
പരിശുദ്ധാത്മാവിനാൽ പൂരിതരായ ശിഷ്യഗണം ജീവിതക്ലേശങ്ങളുടെയും പീഡനങ്ങളുടെയും മദ്ധ്യേ ഈശോയ്ക്കു സാക്ഷ്യം നല്കിയത് നമുക്കു ധ്യാനിക്കാം.
പരിശുദ്ധ അമ്മേ, മാതാവേ, പ്രത്യാശയോടെയും ധൈര്യത്തോടെയും ജീവിതക്ലേശങ്ങളെ നേരിട്ട് സുവിശേഷപ്രഘോഷകരായി ജീവിക്കാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*
നമുക്കു പ്രാർത്ഥിക്കാം, പരിശുദ്ധ അമ്മേ, ദൈവമാതാവേ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് ആദിമുതലേ സഹകരിച്ചവളേ, പരിശുദ്ധാത്മാവിന്റെ ദാനഫലങ്ങളാൽ നിറയപ്പെടുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളോടു സഹകരിച്ച് വിശുദ്ധരായ സഭാമക്കളായി തീരുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.



"കർത്താവാണ് എന്റെ ഇടയൻ;
എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.
പച്ചയായ പുൽത്തകിടിയിൽ അവിടുന്ന്
എനിക്കു വിശ്രമമരുളുന്നു; പ്രശാന്തമായ
ജലാശയത്തിലേക്ക് അവിടുന്ന് എന്നെ
നയിക്കുന്നു. അവിടുന്ന് എനിക്ക് ഉന്മേഷം
നല്കുന്നു; തന്റെ നാമത്തെപ്രതി നീതിയുടെ
പാതയിൽ എന്നെ നയിക്കുന്നു. മരണത്തിന്റെ
നിഴൽവീണ താഴ്വരയിലൂടെയാണു
ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു
കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല;
അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക്
ഉറപ്പേകുന്നു. എന്റെ ശത്രുക്കളുടെ മുമ്പിൽ
അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു;
എന്റെ ശിരസ്സു തൈലംകൊണ്ട് അഭിഷേകം
ചെയ്യുന്നു; എന്റെ പാനപാത്രം
കവിഞ്ഞൊഴുകുന്നു. അവിടുത്തെ നന്മയും
കരുണയും ജീവിതകാലം മുഴുവൻ എന്നെ
അനുഗമിക്കും; കർത്താവിന്റെ ആലയത്തിൽ
ഞാൻ എന്നേക്കും വസിക്കും"

(സങ്കീർത്തനം 23)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th June 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"നാം എത്രമാത്രം
'നാളെ' യിലേക്കു പ്രതീക്ഷ
വയ്ക്കുന്നുവോ
അത്രമാത്രം ദൈവത്തിന്റെ
സ്നേഹത്തിലും
ശക്തിയിലും പ്രതീക്ഷ
വയ്ക്കുന്നതിനുള്ള
കൃപ അവിടുന്ന്
നമുക്കു നല്കും."

ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal